Trichur
Archdiocesan
Bulletin
TAB

ഫെബ്രുവരി
2018
വാല്യം: 85 ലക്കം: 02
ESTD:1934



യോഹ.2 : 1-11 (കാനായിലെ വിവാഹവിരുന്ന്)



2017 ഡിസംബർ 17നു കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട
വെളപ്പായ സെന്റ് മേരീസ് ഇടവക ദൈവാലയവും അൾത്താരയും





Trichur Archdiocesan Bulletin TAB

ESTD:1934


**ഫെബ്രുവരി 2018**

ലക്കം : 2 വാല്യം : 85

Imprimature
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
Smriti design

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325, 2338203,
2333542 Fax : 2338205
*Email:* curiatcr@yahoo.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 04 |
| നന്ദി നിറഞ്ഞ മനസ്സോടെ | 08 |
| കച്ചേരികാര്യം | 09 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 13 |
| സഹായമെത്രാന്റെ പരിപാടികൾ | 14 |
| നാളാഗമം | 16 |
| സാമ്പത്തിക കാര്യാലയം | 23 |
| വൈദീകർ | 24 |
| സന്യസ്തർ | 26 |
| പാസ്റ്ററൽ കൗൺസിൽ | 26 |
| നാമകരണനടപടികൾ | 29 |
| അതിരൂപത തീർത്ഥകേന്ദ്രം | 31 |
| മതബോധനം | 33 |
| സ്ഥാപനങ്ങൾ | 41 |
| സംഘടനകൾ | 66 |



# സർക്കുലർ

Ref:3054/K-5/KCBC/OL/DS
30.12.2017

## കേരളസഭയിൽ യുവജനവർഷാചരണം സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

2018 ഒക്ടോബർ മാസം റോമിൽവച്ച് നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ യുവജനശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുക തിരുസഭ യുടെ മറ്റ് ശുശ്രൂഷാ മേഖലകളി ലൂടെ യുവജന ശുശ്രൂഷാ ചൈതന്യം സഭയിലെയും സമൂ ഹത്തിലെയും എല്ലാ മേഖലകളി ലേക്കും വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുള്ള കാലഘട്ടം കേരളസഭ യിൽ യുവജനവർഷമായി കെസി ബിസി പ്രഖ്യാപിക്കുകയാണ്. ആരാധനക്രമവത്സരമനുസരിച്ച് ജനുവരി 6 കർത്താവിന്റെ മാമ്മോദീസയെ അനുസ്മരി

ക്കുന്ന ദിനമാണ്. യുവാവായ യേശുനാഥനെക്കുറിച്ചുള്ള പിതാവായ ദൈവത്തിന്റെ സ്വരം സ്വർഗത്തിൽ നിന്നും മുഴങ്ങിക്കേട്ട ദിനമാണ് അന്ന്: "ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക 3:22). ഓരോ യുവാവിനെയും യുവതിയെയും കുറിച്ച് ലോകത്തോടുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനമാണിത്. യുവാവായ യേശുവിന്റെ പരസ്യജീവിത കാലത്തിനു മുന്നോടിയായുള്ള മാമ്മോദീസായുടെ ഈ ദിനം യുവജനവർഷത്തിന്റെ പ്രാരംഭമാകുന്നത് ദൈവനിയോഗമാണ്.

മെത്രാന്മാരുടെ സിനഡിന്റെ 15–ാം പൊതുസമ്മേളനത്തിനു വേണ്ടിയുള്ള ഒരുക്കരേഖ 2017 ജനുവരി 13–ന് സഭാതലവനായഫ്രാൻസിസ് പാപ്പ പ്രസിദ്ധീകരിക്കുകയുണ്ടായി. "യുവ ജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സിനഡ് വിളിച്ചുകൂട്ടപ്പെടുന്നത്. ലോകത്താകമാനമുള്ള ദൈവമക്കൾ സഭാപിതാക്കന്മാരോടൊപ്പം യുവജനങ്ങളെക്കുറിച്ച് പ്രത്യേകമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ഈ വർഷം 'യുവജനവർഷ'മായി കേരളത്തിൽ ആചരിക്കപ്പെടുന്നത് കാലഘട്ടത്തിന്റെ ആവശ്യവും ദൈവിക പദ്ധതിയുമാണ്. ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, യുവജനങ്ങളുടെ ശബ്ദം കേൾക്കപ്പെടേണ്ട ഒരു കാലഘട്ടമാണിത്.

ഈ യുവജനവർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വരുന്ന ഒരു വർഷത്തേക്കുള്ള കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതിന് കേരളത്തിലെ 32 രൂപതകളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കേരളസഭയിലെ എല്ലാ ശുശ്രൂഷാമേഖലകളും സിനഡ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻവേണ്ട ക്രമീകരണങ്ങൾ വിഭാവനംചെയ്യണമെന്ന് ഓർമിപ്പിക്കുന്നു. അതിനായി വചനപ്രഘോഷണം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കുടുംബ ശുശ്രൂഷ, തടവറപ്രേഷിതത്വം, വിശ്വാസപരിശീലന രംഗം, സാമൂഹ്യ ശുശ്രൂഷ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും സംഘടനകളും സെമിനാരികളും സന്ന്യാസപരിശീലന കേന്ദ്രങ്ങളും യുവജനങ്ങളുമായി ബന്ധപ്പെട്ട പഠ



നങ്ങളും ചർച്ചകളും കർമ്മപരിപാടികളും സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. കേരളത്തിലെ എല്ലാ യുവജനസംഘടനകളും അവരുടെ ശുശ്രൂഷാമേഖലകളെ ശക്തിപ്പെടുത്താനുതകുന്ന സംഘടനാപരവും കൂട്ടായും ഉള്ള പൊതു ഇടങ്ങൾ സൃഷ്ടിക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ യുവജനങ്ങൾ നേരിടുന്ന അനവധിയായ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടക്കാനാവില്ല. വിദ്യാഭ്യാസലോൺ മൂലവും തൊഴിലില്ലായ്മ മൂലവും നട്ടംതിരിയുന്ന യുവജനങ്ങളുടെ എണ്ണം പെരുകുകയാണ്. ലഹരിക്കും അസാന്മാർഗികതയ്ക്കും അടിമകളാകുന്നവരിലും ജയിലുകളിൽ കഴിയുന്നവരിലും ആത്മഹത്യയിൽ അഭയംകണ്ടെത്തുന്നവരിലും നല്ലൊരു പങ്കും യുവജനങ്ങളാണെന്നതിൽ സംശയമില്ലല്ലോ. നാനാവിധ വശീകരണശ്രമങ്ങൾക്കു വശംവദരായി കെണിയിൽപ്പെടുന്നവരും യുവതീയുവാക്കൾതന്നെ. ക്രൈസ്തവ വിശ്വാസത്തോടു വിടപറഞ്ഞ് തീവ്രവാദപ്രസ്ഥാനങ്ങളിൽപ്പോലും നമ്മുടെ ഏതാനും ചില യുവതീയുവാക്കൾ ചെന്നെത്തിയെന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന യാഥാർഥ്യമാണ്. ഇത്തരത്തിൽ യുവജനം കടന്നുപോകുന്ന വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹികവും ധാർമികവും മതപരവുമായ മേഖലകൾ ഗൗരവപൂർണമായ പഠനത്തിനും വിചിന്തനത്തിനും വിധേയമാകേണ്ടതാണ്. അവയ്ക്ക് ഫലപ്രദമായ പരിഹാരമാർഗങ്ങൾ കണ്ടെത്തിയേ തീരൂ.

മൂന്നു വ്യക്തിഗതസഭകൾക്കും പൊതുവായുള്ള ഔദ്യോഗിക യുവജനസംഘടനയായ കെസിവൈഎം അതിന്റെ റൂബി ജൂബിലി ആഘോഷിക്കുന്ന ഈ കാലയളവിൽത്തന്നെ കേരളസഭ യുവജനവർഷം ആചരിക്കുന്നു എന്നത് ഏറെ അർഥവത്താണ്. ഈ വർഷത്തിൽ സിനഡൊരുക്കരേഖയും സഭയുടെ യുവജനപ്രബോധനങ്ങളും നമ്മുടെ ആഴമായ പഠനത്തിനും വിചിന്തനത്തിനും വിഷയീഭവിക്കണം. പരമ്പരാഗതമായ യുവജന ശുശ്രൂഷാരീതികൾ, ആവശ്യമെങ്കിൽ ഒരു പുനർവായനയ്ക്ക് വിധേയമാക്കണം. കേരളത്തിലെ യുവജനശുശ്രൂഷകളെ ഒന്നിപ്പിക്കുന്ന KCBC Commission for Youth-ന്റെ കുടക്കീഴിൽ കേരളത്തിലെ എല്ലാ കത്തോലിക്ക യുവജന സംഘടനകളും കൂടുതൽ

കാര്യക്ഷമതയോടെ ഒന്നിച്ചു വർത്തിക്കുന്നത്, യുവജനങ്ങളുടെ സഭാ-സാമൂഹ്യപ്രതിബദ്ധതയ്ക്ക് പുതിയ മുഖവും ചടുലതയും പ്രദാനംചെയ്യും. ഒപ്പം, മറ്റു സഹോദരസഭകളുമായി ശക്തമായ ഒരു സഹവർത്തിത്വത്തിന്റെ യുവജന ശുശ്രൂഷ വളർത്തിക്കൊണ്ടുവരേണ്ടത് കാലത്തിന്റെ ആവശ്യമാണ്. സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെയും കാൾ വർധിച്ചിരിക്കുന്നു. ഫ്രാൻസിസ് പാപ്പ ഒരുക്കരേഖയിൽ സൂചിപ്പിക്കുംപോലെ മാതാപിതാക്കൾ, അജപാലകർ, അധ്യാപകർ, പരിശീലനമേഖലകളിൽ സേവനംചെയ്യുന്നവർ എന്നിവരുടെ ജീവിതസാക്ഷ്യം കൂടുതൽ സൂക്ഷ്മത ആവശ്യപ്പെടുന്നു. അനുദിന ജീവിതത്തിൽ ദൈവഹിതം തിരിച്ചറിയാനും വ്യാഖ്യാനിക്കാനും തിരഞ്ഞെടുക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുന്നതോടൊപ്പം സ്വയം പ്രാപ്തരാകാനും യുവജനതയുടെ സഹചാരികൾക്കു കടമയുണ്ട്. യുവജനങ്ങളോടൊപ്പമുള്ള ഇവരുടെ യാത്ര, മുഴുവൻക്രൈസ്തവ സമൂഹത്തെയും പടുത്തുയർത്തുന്ന മൂലക്കല്ലാകും (cf. യുവജനം, വിശ്വാസം, വിളിസംബന്ധമായ തിരിച്ചറിയൽ).

ഫ്രാൻസിസ് പാപ്പായുടെ ഹൃദയത്തോടു ചേർന്നുനിന്നുകൊണ്ട് തിരുസഭയുടെ യുവജന ചിന്തകൾക്ക് കേരള സംസ്ഥാനത്തിൽ ഒരു പുതിയ മുഖം നിർമിച്ചെടുക്കുവാൻ, യുവജനങ്ങളോട് ചോദിച്ചും മുതിർന്നവരോട് സംവദിച്ചും കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ വായിച്ചെടുത്തും വിശ്വാസത്തിലധിഷ്ഠിതമായ ഒരു യുവജന ശുശ്രൂഷാമേഖല വളർത്തിയെടുക്കാൻ ഈ യുവജനവർഷത്തിൽ സാധ്യമാകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട്,

**ആർച്ചുബിഷപ്**
**ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ഡോ. ജോസഫ് മാർ തോമസ്**
ചെയർമാൻ
കെസിബിസി യൂത്ത് കമ്മീഷൻ
പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2018 ജനുവരി 7-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിൽ പറയുന്ന കാര്യങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# ഷംഷാബാദിൽ നിന്നും നന്ദി നിറഞ്ഞ മനസ്സോടെ

സ്നേഹമുള്ള അഭിവന്ദ്യ പിതാക്കൻമാരേ, സഹോദര വൈദീകരേ, സമർപ്പിതരേ, വൈദീക വിദ്യാർത്ഥികളേ, സന്യാസാർത്ഥികളേ, അത്മായ സഹോദരങ്ങളേ,

ജനുവരി 7 – ാം തിയ്യതി ഹൈദരാബാദിലെ ഷംഷാബാദിൽ വച്ച് നടന്ന രൂപതയുടെ ഉദ്ഘാടനവും എന്റെ ഉത്തരവാദിത്വം ഏറ്റെടുക്കലും ഏറ്റവും മനേഹരമായി നടന്നു. നാലായിരത്തിയഞ്ഞൂറോളം ആളുകൾ ഈ തിരുക്കർമ്മത്തിൽ പങ്കെടുത്തു. 56 പിതാക്കൻമാർ, ഇരുന്നൂറോളം വൈദീകർ, മുന്നൂറോളം സമർപ്പിതർ, എല്ലാ പ്രവാസി മേഖലകളിൽ നിന്നുള്ള ദൈവജനത്തിന്റെ പങ്കാളിത്തം, പ്രത്യേകമായി തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള ദൈവജനത്തിന്റെ സാന്നിധ്യം എല്ലാം കൊണ്ടും അനുഗ്രഹീതമായിരുന്നു. വ്യക്തിപരമായ താത്പര്യം കൊണ്ടും പല വിധ പ്രാതിനിധ്യ സ്വഭാവത്തോടു കൂടെയും തൃശ്ശൂർ അതിരൂപതയിൽ നിന്നും ധാരാളം പേർ പരിപാടികളിൽ പങ്കെടുത്തു. നമ്മുടെ വൈദീകർ, സമർപ്പിതർ, പാസ്റ്ററൽ കൗൺസിലംഗങ്ങൾ, വിവിധ സംഘടനാ ഭാരവാഹികൾ, തൃശ്ശൂരിലെ ജന പ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ തുടങ്ങി തൃശ്ശൂരിന്റെ സാന്നിധ്യം അത്തരത്തിൽ ശക്തമായിരുന്നു. നിങ്ങളുടെ സ്നേഹത്തിനും സഹകരണത്തിനും ഹൃദയത്തിൽ നിന്നുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. അതോടോപ്പം നിങ്ങളുടെ പ്രാർത്ഥനകൾക്കും സാമ്പത്തിക സഹകരണങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി. എല്ലാവരോടും വ്യക്തിപരമായി നന്ദി പറയാൻ എനിക്ക് ആഗ്രഹമുണ്ട്, അത് സാദ്ധ്യമല്ലെന്ന് എനിക്കറിയാം. നിങ്ങൾ എന്നോടു കാണിച്ച വലിയ സ്നേഹത്തിന്, ഷംഷാബാദ് രൂപതക്ക് നൽകിയ വലിയ പിന്തുണയ്ക്ക് ഒത്തിരി നന്ദി. ഈ രൂപത തുടങ്ങുന്നത് പൂജ്യത്തിൽ നിന്നാണ്. വൈദികരെ വേണം, പള്ളികൾ ഉണ്ടാകണം, നമ്മുടെ ആളുകളെ അന്വേഷിച്ചു കണ്ടെത്തണം, സംവിധാനങ്ങൾ ഉണ്ടാകണം. ഇതിനായി തുടർന്നും നിങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥനയും സഹായസഹകരണങ്ങളും ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ പ്രാർത്ഥനയിൽ നിങ്ങളും ഉണ്ടായിരിക്കും. ദൈവം സമൃദ്ധമായി നിങ്ങളെ അനുഗ്രഹിക്കട്ടെ!

**മാർ റാഫേൽ തട്ടിൽ പിതാവ്**

ഷംഷാബാദ് രൂപതാ മെത്രാൻ

# കച്ചേരി
## വാർത്തകൾ

### ഓർമിക്കേണ്ട ദിവസങ്ങൾ

ഫെബ്രുവരി 2018

| | |
|---|---|
| 12 | : ആദ്യവെള്ളി |
| | : നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ) |
| | : വി. എസ്തപ്പാനോസ് |
| 3 | : വി. ജോൺ ബ്രിട്ടോ |
| 4 | : **ദനഹാ അഞ്ചാം ഞായർ** |
| 10 | : ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 11 | : **നോമ്പ് ഒന്നാം ഞായർ** ഇന്ന് പാതിരാമുതൽ നോമ്പാരംഭം |
| 18 | : **നോമ്പ് രണ്ടാം ഞായർ** |
| 23 | : വി. പൊലിക്കാർപ്പ് |
| 25 | : **നോമ്പ് മൂന്നാം ഞായർ** |

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ഫെബ്രുവരി | 02 : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 07 : | | വൈദികസ്ഥലമാറ്റം |
| | 13 : | 10:00 am | വൈദികമാസധ്യാനം |
| | 22 : | 01:00 pm | അതിരൂപത ആലോചനസമിതിയോഗം |

**3. നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഢാനുഭവവും മരണവും ഉത്ഥാനവും. ദനഹാക്കാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കി വച്ചിരിക്കുന്നു. ഈശോയുടെ

നാല്പതു ദിവസത്തെ ഉപവാസമാണ് (വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതു നോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക.

മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾ വരെ നോമ്പു നോക്കിയിരുന്നതാകാം 'അമ്പതു നോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിപ്പിക്കൽ', 'തിരിഞ്ഞുനോക്കൽ' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

മാമ്മോദീസ വഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപംവഴി ദൈവത്തിൽ നിന്നകന്നു മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്ക്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്. ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മ പ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്ക് പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്കു പ്രവേശിക്കാം.

**4. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം:**

വൈദികരുടെ പുതുവർഷത്തിലെ ആദ്യത്തെ പൊതു മാസധ്യാനം 2018 ഫെബ്രുവരി 13-ന് ചൊവ്വാഴ്ച നടത്തുന്നതാണ്. കാലത്ത് 10 മണിക്ക് ധ്യാനം ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**5. വലിയ നോമ്പ് :**

12.02.2018 : വിഭൂതി തിങ്കൾ : ഉപ വാസദിനം

13.02.2018 : വൈദിക മാസധ്യാനം

18.03.2018 : പാലയൂർ മഹാ തീർത്ഥാടനം
25.03.2018 : ഓശാന ഞായർ
26.03.2018 : സമർപ്പിത വിശുദ്ധീകരണദിനം: മൂറോൻ കൂദാശ
29.03.2018 : പെസഹാവ്യാഴം
30.03.2018 : പീഡാനുഭവവെള്ളി : ഉപവാസദിനം
01.04.2018 : ഉയിർപ്പ് തിരുനാൾ

**6. വിവാഹാഘോഷം മുടക്ക് :**

2018 ഫെബ്രുവരി 11 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**7. പാലയൂർ മഹാതീർത്ഥാടനം :**

2018 മാർച്ച് 18-നാണ് ഈ വർഷത്തെ പാലയൂർ മഹാ തീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. ദൈവദർശൻ ക്യാമ്പുകൾ :**

ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ എ. സി. സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2018 ഏപ്രിൽ 2 മുതൽ മെയ് 5 വരെയാണ് (വിശുദ്ധവാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**9. കാരുണ്യനിധി കവർ പിരിവ്:**

കാരുണ്യനിധിയുടെ കവർപിരിവ് നൽകാത്ത ഇടവകകൾ എത്രയും പെട്ടെന്ന് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**10. കരുണട്രസ്റ്റ്-വിദ്യാഭ്യാസ സഹായം**

അതിരൂപതയുടെ കരുണട്രസ്റ്റിൽ നിന്നും തൊഴിലധിഷ്ഠിത

വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ 2018 ഫെബ്രുവരി 1 മുതൽ ഫിനാൻസ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ കൃത്യമായി പൂരിപ്പിച്ച് ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി ഫെബ്രുവരി 20–നുള്ളിൽ അതിരൂപത സാമ്പത്തികകാര്യാലയത്തിൽ തിരിച്ചേല്പിക്കേണ്ടതാണ്.

**11. വൈദികരുടെ നിയമനം :**

1. ഫാ. സോബിൻ പായിക്കാട്ട് – ഐ. ടി. സെൽ ഒഴിവായി; സാധുത 2017 ഡിസംബർ 8 മുതൽ.
2. ഫാ. സിംസൺ ചിറമ്മൽ – ഐ. ടി. സെൽ ഒഴിവായി; സാധുത 2017 ഡിസംബർ 8 മുതൽ.
3. ഫാ. ആൻസൺ കണ്ണംപള്ളി OFM.Cap. – സഹവികാരി തൃശ്ശൂർ ബസിലിക്ക; സാധുത 2017 ഡിസംബർ 16 മുതൽ.
4. ഫാ. ജോഷി പറോക്കാരൻ – നടത്തുവികാരി ഏങ്ങണ്ടിയൂർ; സാധുത 2017 ഡിസംബർ 17 മുതൽ.

**12. പ്രത്യേക നിയമനങ്ങൾ :**

**1. കൈക്കാരന്മാർ :**

*ചിറക്കൽ*

തേറുകാട്ടിൽ പുതുക്കാട്ടുകാരൻ പോൾ വിൻസെന്റ്

തേറുകാട്ടിൽ ഇഞ്ചോടിക്കാരൻ ദേവസ്സി ജോയ്

*വലക്കാവ്*

മൈലാഡൂർ സ്കറിയ ജോർജ്ജ്

വള്ളോപ്പിള്ളി ആഗസ്തി ടോമി

മൈലാടിയിൽ തോമസ് ജോസഫ്

**2. ഐ. ടി. സെൽ പുതിയ അംഗങ്ങൾ :**

1. ഫാ. ഫ്രാൻസിസ് കൂത്തൂർ
2. ഫാ. ഡിറ്റോ കൂള
3. ഫാ. സിജോ ചെറുവത്തൂർ
4. ഫാ. ടൈസൻ മണ്ടുംപാൽ
5. ഫാ. ജോമോൻ മുരിങ്ങാത്തേരി

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

# മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഫെബ്രുവരി മാസത്തെ പരിപാടികൾ

## FEBRUARY 2018

| Date | Day | Time | Description |
|---|---|---|---|
| 01-09 | | | CBCI |
| 10 | Sat | Morning | Teacher's Guild at Kottayam |
| | | Noon | Meeting with Seminarians- Degree IInd Years |
| | | Evening | SH Eng. School Golden Jubilee |
| **11** | **Sun** | | Episcopal Ordination of Mar Anaparambil |
| 12 | Mon | Morning | Holy Mass at Lourdes Cathedral |
| | | Evening | Vratharamba Kootayma at Palayoor |
| 13 | Tue | Morning | Curia Meeting; Priests' Monthly Recollection |
| | | Evening | JMMC Trust Meeting |
| 14 | Wed | Morning | **For the People** |
| | | Evening | Convention Inauguration at Mannampetta |
| 15 | Thu | Morning | Curia Meeting Seminar at St. Thomas Collage |
| | | Evening | Engaged |
| 16 | Fri | Morning | Curia Meeting; Holy Mass at Alagappanagar<br>**For Priests and Religious** |
| 17 | Sat | Evening | MST Jubilee at Bharananganam |
| **18** | **Sun** | Morning | Dharsana Samuham Anniversary at Pudukkad |
| 19 | Mon | Morning | Mass - CHF Generlate at Mannuthy |
| 20 | Tue | Morning | Curia Meeting; **For Priests and Religious** |
| 22 | Thu | Morning | Consulter's Meeting |
| 23 | Fri | Morning | Curia Meeting; **For the People** |
| 24 | Sat | Evening | SABS Convent Blessing at Thayyur |
| 27 | Tue | Morning | Curia Meeting |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ഫെബ്രുവരി മാസത്തെ പരിപാടികൾ

# FEBRUARY 2018

| Date | Day | Time | Description |
|---|---|---|---|
| 1-9 | | | CBCI |
| 10 | Sat | Morning | Franciscan Gathering at Calvary; Golden Jubilee Mass at Chettupuzha |
| | | Afternoon | Marriage Blessing, Baptism |
| | | Evening | Mundathicode CKC School, HM Retirement |
| **11** | **Sun** | Morning | Mannapetta, *Navathi* Mass, Episcopal Ordination Rt. Rev. James Anaparambil |
| 12 | Mon | Morning | Basilica, *Vibhoothi,* Class in Seminary |
| 13 | Tue | Morning | Monthly Recollection for Priests |
| | | Evening | For Priests and Religious; Jubilee Mission Hospital Trust Meeting |
| 14 | Wed | Morning | Mass at Nirmalalayam- West Fort; Class in Seminary |
| | | Evening | Guruvayur; SFA Concluding Meeting |
| 15 | Thu | Morning | Class in Seminary |
| | | Evening | For the People |

| | | | |
|---|---|---|---|
| 16 | Fri | Morning | Mass at Mammiyoor, Curia Meeting |
| | | Afternoon | Engaged |
| 17 | Sat | Morning | Engaged |
| | | Afternoon | At St.Thomas' College |
| **18** | **Sun** | Afternoon | *Darsanasamooham* Meeting at St Anthony's Church Puthukad |
| | | Evening | Engaged, Holy Mass |
| 19 | Mon | Morning | Mass at Minor Seminary, Class in Seminary |
| | | Evening | Engaged |
| 20 | Tue | Morning | Curia Meeting, Engaged- Prayer |
| | | Evening | Ayyanthole School Retirement Programme |
| 21 | Wed | Morning | Class in Seminary |
| 22 | Thu | Morning | *Athiroopatha Alochanasamithiyogam* |
| 23 | Fri | Morning | Mass at Alagapanagar, Curia Meeting, Class in Seminary |
| 24 | Sat | Morning | Prayer day |
| | | Evening | Engaged |
| **25** | **Sun** | Morning | Holy Mass |
| 26 | Mon | Morning | Engaged |
| 27 | Tue | Morning | Curia Meeting |
| 28 | Wed | Morning | Engaged |



# നാളാഗമം

## ഡിസംബർ 2018

01. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപതാ സന്യസ്ത അസംബ്ലി ഡി. ബി. സി. എൽ. സി. യിൽ ഉദ്ഘാടനം ചെയ്തു. വൈകിട്ട് അതിരൂപത സാമ്പത്തികസമിതി യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് സന്യസ്ത അസംബ്ലിയിൽ പങ്കെടുത്തു.
02. അഭിവന്ദ്യ പിതാക്കന്മാർ സന്യസ്ത അസംബ്ലിയിൽ പങ്കെടുത്തു. വൈകിട്ട് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കൂടിയ കുടുംബകൂട്ടായ്മ കേന്ദ്രസമിതി ജനറൽബോഡി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് മനക്കൊടിയിൽ നടന്ന യുവോദയം ക്യാംപിൽ പങ്കെടുത്തു. ശേഷം കുന്നംകുളം ബഥനി സ്കൂളിൽ നടന്ന എക്യുമെനിക്കൽ ഫെലോഷിപ്പ് ആനുവൽ ഡേയിൽ പങ്കെടുത്തു. വൈകിട്ട് വേലൂരിൽ നടന്ന പാന എന്ന സാമൂഹ്യസംഗീത പരിപാടിയിലും പങ്കെടുത്തു.
03. അഭിവന്ദ്യ താഴത്ത് പിതാവ് പെരിഞ്ചേരി ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ നടന്ന ജീസസ്

യൂത്ത് കുടുംബസംഗമത്തിൽ പങ്കെടുത്തു. തുടർന്ന് സെന്റ് തോമസ് കോളേജ് ബോട്ടണി വിഭാഗം യോഗത്തിലും ജീവകാരുണ്യട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു. അരണാട്ടുകര ഇടവകയിലെ മതബോധനദിനാഘോഷങ്ങളിലും പങ്കെടുത്തു.

04. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ജനമൈത്രി പോലീസ് ശബരിമല തീർത്ഥാടകർക്ക് ഒരുക്കുന്ന സഹായയൂണിറ്റിന്റെ ഉദ്ഘാടനകർമ്മം മണ്ണുത്തിയിൽ നിർവ്വഹിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് ഒല്ലൂർ സെന്റ് റാഫേൽ സ്കൂളിന്റെ ഹയർസെക്കന്ററി വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

05–07 അഭിവന്ദ്യ പിതാക്കന്മാർ കെ. സി. ബി. സി. യിൽ പങ്കെടുക്കാൻ പോയി.

08. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഐ. സി. എം. ആർ. ന്റെ ഉപദേശകസമിതിയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ബൊൻ നത്താലെ അതിരൂപതാകമ്മറ്റിയുടെയും തൃശ്ശൂർ പൗരാവലിയുടെയും സംയുക്തയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് പഴുവിൽ ഇടവകയിൽ പണിത ഗ്രോട്ടോയുടെ ആശീർവാദകർമ്മം നിർവ്വഹിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് വികലാംഗ അസ്സോസിയേഷന്റെ നാല്പതാം വാർഷികസമ്മേളനത്തിൽ സംബന്ധിച്ചു. ലൂർദ്ദ് കത്തീഡ്രൽ വി. ബലിയർപ്പിച്ച് തൃശ്ശൂർ അതിരൂപതയിൽ വിവാഹത്തിന്റെ സിൽവർ ജൂബിലി യാഘോഷിക്കുന്ന ദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഇടവക അസംബ്ലിയുടെ വിലയിരുത്തൽ ചർച്ചകളിലും 4 മണിക്ക് കലാസദൻ ജനറൽ ബോഡി യോഗത്തിലും പങ്കെടുത്തു. തുടർന്ന് ഏയ്ഞ്ചലിക് കരോൾ മത്സരം ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ ഉദ്ഘാടനം ചെയ്തു. ശേഷം തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ നടന്ന LOAF-ന്റെ ക്രിസ്തുമസ്സ് ആഘോഷപരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് പാലക്കാട് കത്തീഡ്രലിൽ നടന്ന എക്യുമെനിക്കൽ ആഘോഷങ്ങളിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വേലൂപ്പാടം ഇടവകയിൽ സ്നേഹോത്സവം ഉദ്ഘാടനം ചെയ്തു. തുടർന്ന് ചിറ്റാട്ടുകര ഇടവകയുടെ നേതൃത്വത്തിൽ പണിതു കൊടുക്കുന്ന രണ്ട് വീടുകളുടെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചക്ക് സി. എൽ. സി. യുടെ ഇലക്ഷൻ ക്യാംപ് യോഗത്തിൽ അനുമോദനങ്ങളും ആശംസകളും അർപ്പിച്ചു. ഉച്ചതിരിഞ്ഞ് കത്തോലിക്കാസഭ പത്രത്തിന്റെ പ്രൊമോട്ടേഴ്സ് മീറ്റിംഗ്

ഉദ്ഘാടനം ചെയ്തു. വൈകിട്ട് എം. ഐ. ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് കൂനംമൂച്ചി ഇടവകയിൽ സ്നേഹോത്സവവും വേലൂർ ഇടവകയിൽ യുവജനസമ്മേളനവും ഉദ്ഘാടനം ചെയ്തു. കത്തോലിക്കാസഭ പത്രത്തിന്റെ റൂബി ജൂബിലി ആഘോഷങ്ങളിലും ലീജിയൻ ഓഫ് മേരിയുടെ വാർഷികാഘോഷങ്ങളും പങ്കെടുത്തു. വൈകിട്ട് അമ്മാടം ഇടവകയിൽ വാർഷികധ്യാന സമാപനസന്ദേശം നൽകി.

11 –12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപതാവൈദിക അസംബ്ലിയുടെ ഒന്നാം ബാച്ച് മേരിമാത മേജർ സെമിനാരിയിൽ ഉദ്ഘാടനം ചെയ്തു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് വൈദിക അസംബ്ലിയിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അഭയ ഭവനിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഡി. ബി.സി.എൽ.സി.യിൽ വച്ച് മാർ റാഫേൽ തട്ടിൽ പിതാവിന് തൃശ്ശൂർ അതിരൂപത നൽകിയ യാത്രയയപ്പു സമ്മേളനത്തിലും ജന്മദിനാഘോഷങ്ങളിലും പങ്കെടുത്തു. മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ ജന്മദിനത്തോടനുബന്ധിച്ച് വൈകിട്ട് കെ.സി.വൈ. എം.ന്റെ നേതൃത്വത്തിൽ പോപ്പ് പോൾ മേഴ്സി ഹോമിൽ നടത്തിയ കാരുണ്യദിനാഘോഷത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ക്രിസ്റ്റീന ഹോം നിർമ്മിച്ചു നൽകിയ മാർ കുണ്ടുകുളം കാരുണ്യഭവനത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് അതിരൂപത ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് സെന്റ് തോമസ് കോളേജിൽ, പുതിയ മാനേജരായ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ സ്വീകരണചടങ്ങിലും മാർ റാഫേൽ തട്ടിൽ പിതാവിന്റെ യാത്രയയപ്പു സമ്മേളനത്തിലും പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്ന കരിസ്മാറ്റിക് പ്രസംഗകർക്കുള്ള പരിശീലനപരിപാടിയിൽ പ്രഭാഷണം നടത്തി. വൈകിട്ട് സി. അപലോണിയ സി. എം. സി. യുടെ മൃതസംസ്കാരചടങ്ങുകൾക്ക് ചൂണ്ടലിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കൂനംമൂച്ചി ഇടവകയിൽ നടന്ന സ്നേഹോത്സവത്തിന്റെ സമാപനത്തിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് വേലൂപ്പാടം ഇടവകയിൽ സ്നേഹോത്സവ

സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ വച്ച് വിവാഹത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായി വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ ചേർന്ന കുടുംബകൂട്ടായ്മ നേതൃത്വപരിശീലന പരിപാടിയിൽ സന്ദേശം നൽകി. തുടർന്ന് ബ്രഹ്മകുളം ഇടവകയിൽ ആരംഭിച്ച സെന്റ് തോമസ് പാലിയേറ്റീവ് കെയർ സെന്ററിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് തൊയക്കാവിൽ ഫാ. വടക്കൻ ട്രസ്ററ് അനുസ്മരണ ദിവ്യബലിയർപ്പിക്കുകയും അവാർഡ് ദാനം നിർവ്വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ജയിലിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കി പണിത വെളപ്പായ സെന്റ് മേരീസ് പള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. ശേഷം സി. റൂപ്പർട്ട് എഫ്. സി. സി. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് എം. ഐ. കോൺവെന്റിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പീസ് ഹോമിന്റെ ഹോം ഡേയിൽ പങ്കെടുത്തു. ശേഷം മാർത്താമറിയം വലിയ പള്ളിയിൽ നടത്തിയ എക്യുമെനിക്കൽ ക്രിസ്തുമസ്സ് ആഘോഷത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് ചാവക്കാട് സാന്ത്വനം തീരത്ത് വി. ബലിയർപ്പിച്ചു. വെള്ളറക്കാട് ഇടവകയിൽ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും ഹാളിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന നവദമ്പതീസംഗമത്തിൽ പങ്കെടുത്തു. ഒളരിക്കരയിൽ നടന്ന കെ. എൽ. എം. വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. ഡി. ബി. സി. എൽ. സി. യിൽ നടന്ന വെരിത്താസ് ക്വിസ് അവാർഡ് ദാനചടങ്ങിൽ പങ്കെടുത്തു. വെളപ്പായ പള്ളി വെഞ്ചിരിപ്പിനോടനുബന്ധിച്ചു നടത്തിയ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് വൈദിക അസംബ്ലിയുടെ രണ്ടാമത്തെ ബാച്ച് മേരിമാത മേജർ സെമിനാരിയിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് വൈദികഅസംബ്ലിയിൽ പങ്കെടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ മാർ ജോൺ മേനാച്ചേരി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് ബൊൻ നത്താലെ രോഗികൾക്കുള്ള ക്രിസ്തുമസ്സ് കാരു

ണ്യസംഭാവന അതതു ഇടവക യിലെ കൈക്കാരന്മാരെ ഏല്പി ക്കുന്ന യോഗത്തിൽ പങ്കെടു ത്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ബൊൻ നത്താലെ എക്സിബിഷൻ – 2017 ഉദ്ഘാ ടനകർമ്മത്തിൽ പങ്കെടുത്തു. വൈകിട്ട് ബസിലിക്ക ഇടവക യിൽ നടന്ന ക്രിസ്തുമസ്സ് കരോൾ ഗാനമത്സരം ഉദ്ഘാ ടനം ചെയ്തു. അഭിവന്ദ്യ നീല ങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന ഗാന്ധിസ്മൃതി ജൂബിലിയിൽ പങ്കെടുത്തു. വലക്കാവ് ഇടവക യിലെ പുതിയ പാരിഷ് ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

21. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പടവരാട് ഇടവകയിൽ ആറാമത്തെ കുഞ്ഞിന്റെ മാമ്മോദീസയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. തുടർന്ന് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ നടന്ന സെമി നാരിക്കാരുടെ അസംബ്ലി ഉദ്ഘാടനം ചെയ്തു. ശേഷം കൊച്ചച്ചന്മാരുള്ള വികാരിമാരു ടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് അരണാട്ടുകര കൺവെൻഷനിൽ സമാപനസ മ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് വൈദികവിദ്യാർത്ഥികളുടെ അസംബ്ലിയിൽ ആമുഖപ്രഭാ ഷണം നൽകി. ജൂബിലി മിഷൻ ആശുപത്രിയിൽ ക്രിസ്തുമസ്സ് സന്ദേശം നൽകി.

22. അഭിവന്ദ്യ താഴത്ത് പിതാവ് ബഹു. ജോർജ്ജ് കുറ്റിക്കൽ എം.സി.ബി.എസ്. അച്ചന്റെ ആത്മശാന്തിക്കായുള്ള വി. ബലി മലയാറ്റൂർ ആശ്രമത്തിൽ അർപ്പിച്ചു. തുടർന്ന് ചെറുതു രുത്തി പി.എൻ.എൻ.എം. മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനകർമ്മവും ശേഷം ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ക്രിസ്തുമസ്സ് ആഘോഷങ്ങളിലും പങ്കെടു ത്തു. ഉച്ചകഴിഞ്ഞ് ബൊൻ നത്താലെ പത്രസമ്മേളന ത്തിൽ പങ്കെടുത്തു. വൈകിട്ട് ലൂർദ്ദ് കത്തീഡ്രൽ അങ്കണ ത്തിൽ നടത്തിയ മെഗാ മാർഗ്ഗംകളി ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ നീലങ്കാ വിൽ പിതാവ് കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ ക്രിസ്തുമസ്സ് സന്ദേശം നൽകി. പട്ടിക്കാട് സെന്റ് അൽ ഫോൻസ സ്കൂളിന്റെയും ഇയ്യാൽ സ്കൂളിന്റെയും വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. വൈ. എം. സി. എ. ക്രിസ്തുമസ്സ് കരോൾ മത്സരം സന്ദർശിച്ചു.

23. അഭിവന്ദ്യ താഴത്ത് പിതാവ് ആമ്പക്കാട് പള്ളിയുടെ നവീക രിച്ച സെമിത്തേരി വെഞ്ചരിച്ചു. തുടർന്ന് എക്സെൽ അക്കാദമി യുടെ മെറിറ്റ് ഡേയിൽ പങ്കെടുത്തു. ഡി.ബി.സി. എൽ.സി. യിൽ നടന്ന ജീസസ്

യൂത്ത് cultural exchange പ്രോഗ്രാമിലും മതബോധനം പ്രതിഭാസംഗമത്തിലും പങ്കെടുത്തു സന്ദേശം നൽകി. വൈകിട്ട് തൃശ്ശൂർ പൗരാവലിയും അതിരൂപതയും സംയുക്തമായി നടത്തുന്ന ബൊൻ നത്താലെയുടെ 100 മീറ്റർ ക്രിസ്തുമസ്സ് കേക്ക് മുറിക്കൽ പരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് മച്ചാട് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് ജ്ഞാനസ്നാനം നൽകി. പുല്ലഴി ക്രിസ്റ്റീന ഹോമിൽ തൃശ്ശൂർ സത്സംഘ് നടത്തിയ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജിൽ നിന്ന് വിരമിച്ച അധ്യാപകരോടൊപ്പം കുറച്ചു സമയം ചെലവഴിച്ചു. എരനെല്ലൂർ സി.എൽ. സി. നവതി ആഘോഷത്തിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് ബൊൻ നത്താലെയോടനുബന്ധിച്ചുള്ള കാരുണ്യഭവനങ്ങൾ ആശീർവദിച്ചു നൽകി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് ചാവക്കാട് സബ് ജയിലിലെ ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ക്രിസ്തുമസ്സ് ദിവ്യബലി ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് തൃശ്ശൂർ ബസിലിക്കയിൽ ക്രിസ്തുമസ്സ് ദിവ്യബലിയർപ്പിച്ചു. ജയിലിൽ നടന്ന ക്രിസ്തുമസ്സ് ആഘോഷത്തിലും 'മറിയം പുത്ര' ടൗൺ ഹാളിൽ സംഘടിപ്പിച്ച ക്രിസ്തുമസ്സ് ആഘോഷങ്ങളിലും പങ്കെടുത്തു,

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂർ ഇടവകയിൽ ഡീ. റാഫി കടവി സി.എം.ഐ. ഉച്ചകഴിഞ്ഞ് കല്ലൂർ കിഴക്ക് ഇടവകയിൽ ഡീ. ലിന്റോ മാടമ്പി സി.എം.ഐ. എന്നിവരുടെ തിരുപട്ടദാന ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് പേരകം ഇടവകയിൽ നടന്ന 'നോയൽ മെലഡീസ്' പരിപാടിയിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകയിൽ ഡീ. ജോമോൻ പൊന്തേക്കന്റെ പൗരോഹിത്യസ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് ബൊൻ നത്താലെ സാംസ്കാരിക ഘോഷയാത്രയ്ക്ക് നേതൃത്വം നൽകി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് കാഞ്ഞാണി സ്കൂളിൽ സംസ്ഥാന ബാലകലോത്സവം ഉദ്ഘാടനം ചെയ്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് വടക്കൻ പുതുക്കാട് ഇടവകയിൽ ഡീ. ഷെൽറ്റൺ ചിറ്റിലപ്പിള്ളിയുടെയും ഉച്ചകഴിഞ്ഞ് എൽത്തു

രുത്ത് ഇടവകയിൽ ഡീ. ഫ്രാൻസോ തെക്കത്തിന്റെയും തിരുപ്പട്ടദാന ശുശ്രൂഷകൾ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് എരനെല്ലൂർ ഇടവകയിൽ ഡീ. ഡാനു സി.എം.ഐ.യുടെ തിരുപ്പട്ടസ്വീകരണശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വടക്കൻ പുതുക്കാട് ഇടവകയിൽ നടന്ന ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളിയുടെ അനുമോദന യോഗത്തിൽ പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുത്തൻപീടിക ഇടവകയിൽ ഡീ. നൈജോ ചിറ്റിലപ്പിള്ളിയുടെ പൗരോഹിത്യസ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് കാഞ്ഞാണി സെന്റ് തോമസ് എൽ.പി. സ്കൂളിന്റെ നൂറാം വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂർ മേരിമാത ഇടവകയിൽ ഡീ. റെനാൾഡ് പുലിക്കോടന്റെ തിരുപ്പട്ടസ്വീകരണശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് കാവീട് സെന്റ് ജോർജ്ജ് കപ്പേളയുടെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് പല്ലിശ്ശേരിയിൽ അഭയം പാലിയേറ്റീവ് കെയറിന്റെ ശാന്തി ഭവൻ ആശുപത്രിയുടെ വാർഷികത്തിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് വെള്ളറക്കാട് ഇടവകയിൽ ഡീ. ബിനോയ് വാഴപ്പിള്ളിയുടെ പൗരോഹിത്യസ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ചെങ്ങാലൂർ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വെണ്ടോർ നവതി ആഘോഷങ്ങളുടെ സമാപനദിവ്യബലിയർപ്പിച്ചു. വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകദിനത്തിൽ പങ്കെടുത്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കല്ലൂർ പടിഞ്ഞാറ് ഇടവകയിൽ ഡീ. വിജോ അവിട്ടത്തൂക്കാരൻ സി.എം.ഐ. യുടെ പൗരോഹിത്യസ്വീകരണ ശുശ്രൂഷകളിൽ മുഖ്യകാർമ്മകത്വം വഹിച്ചു. വൈകിട്ട് അതിരൂപത സി.എൽ.സി. കൺവെൻഷനിൽ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു. കുരിയച്ചിറ ഇടവകയിൽ ഫാ. വടക്കൻ മെമ്മോറിയൽ കാരുണ്യപ്രവർത്തനങ്ങളുടെ ആഘോഷപരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് പതിയാരം ഇടവകയിലെ ഇടവകദിനാഘോഷങ്ങളിൽ പങ്കെടുത്തു.

# സാമ്പത്തിക കാര്യാലയം



**1. തെരട്ട് സമർപ്പിക്കൽ**

തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു

**2. അതിരൂപത സഹായ ഫണ്ട്**

1 .ഭവന നിർമ്മാണം – 2000  2. ചികിത്സ – 49000

**3. ഫാ.സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1.. ചികിത്സ – 20000

**4.. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | | | | |
|---|---|---|---|---|---|
| 1. എരുമപ്പെട്ടി | – | 5000 | 2. കിള്ളിമംഗലം | – | 5000 |
| 3.കുണ്ടന്നൂർ | – | 5000 | 4. നന്തിപ്പുലം | – | 5000 |
| 5. നെല്ലിക്കുന്ന് | – | 5000 | | | |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ



# BIRTHday FEASTday DEATH memories

## വൈദീകർ

### ജന്മദിനങ്ങൾ – ഫെബ്രുവരി

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. ജോസഫ് വടക്കേത്തല | 08 |
| ഫാ. സിജു പുളിക്കൻ | 09 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. ജോജോ എടത്തിരുത്തി | 28 |

### നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോവി കുണ്ടുകുളങ്ങര | 02 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |
| ഫാ. ജോർജ്ജ് മഞ്ഞളി | 07.02.2014 |
| ഫാ. ആന്റണി ചെറയത്ത് | 19.02.2015 |







# സി.ആർ. ഐ വാർത്തകൾ

8.12.2017 എഫ്. സി. സി മമ്മിയൂർ നസ്രത്ത് സ്കൂളിനോട് ചേർന്ന് പുതുക്കി പണിത നേഴ്സറി സ്കൂളിന്റെ വെഞ്ചെരിപ്പും മറ്റം കോൺവെന്റിന്റെ ഒരു ഭാഗം പുതുക്കിപണിയുന്നതിനുള്ള ശിലാസ്ഥാപന കർമ്മവും നടത്തി.

സി.എം.സി. പരി.അമ്മയുടെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ചു.

പുതുക്കി പണിത പറപ്പൂർ ഫോർമേഷൻ ഹൗസിന്റെ വെഞ്ചിരിപ്പ് പറപ്പൂർ ഫൊറോന പള്ളി വികാരി ഫാ. പോളി നീലങ്കാവിൽ നിർവ്വഹിച്ചു.

9.12.2017 എഫ്.സി.സി ഓർഫനേജിന്റെ ഭാവികാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് എറണാകുളം പി.ഒ.സി. യിൽ വിളിച്ചുചേർത്ത മീറ്റിംഗിൽ അസി. പ്രൊവിൻഷ്യൽ സി. ലിറ്റിൽമേരി പങ്കെടുത്തു.

15/12/2017 സി.എസ്.എം കൃപാഭവൻ ജനറലേററിൽ വച്ച് നടത്തിയ സുപ്പീരിയേഴ്സിന്റെ സെമിനാറിൽ ലൂർദ്ദ്നാഥാ പ്രൊവിൻസിലെ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു.

സി.എം.സി. കോലഴി ഹോളി ട്രിനിറ്റി കോൺവെന്റിൽ മൂന്ന് ദിവസം പ്രാർത്ഥനാദിനങ്ങളായി ആചരിച്ചു. ഫാ ജോൺസൻ പന്തപ്പിള്ളിൽ ISch ക്ലാസ്സുകൾ നയിച്ചു.

എഫ്. സി. സി ഡിസംബർ 15 –ാം തീയതി മുതൽ 17ാം തീയതി വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് വിവിധ പരിപാടികളോടെ നടന്നു. മീറ്റിംഗിന്റെ രണ്ടാം ദിവസം പുതുതായി സ്ഥാനമേറ്റ തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് സ്വീകരണം നൽകി. 2 pm ന് സോളാർ വൈദ്യുതിയെക്കുറിച്ചുള്ള ബോധവൽക്കരണക്ലാസ്സ് രാജു കാക്കശ്ശേരിയുടെ നേതൃത്വത്തിൽ നടന്നു.

20.12.17 സി.എസ്.എം അഭിവന്ദ്യ ടോണി പിതാവിന് കൃപാഭവൻ ജനറലേററിൽ നൽകിയ സ്വീകരണ ചടങ്ങിൽ ഇരു പ്രൊവിൻസിൽ നിന്നും പ്രൊവിൻഷ്യൽ ടീമും എല്ലാ സുപ്പീരീയേഴ്സും പങ്കെടുത്തു.

23/12/2017 സി.എസ്.എം ഷംഷാബാദ് രൂപതയുടെ മെത്രാനായ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് ലൂർദ്ദ് നാഥാ പ്രോവിൻസിൽ യാത്രയയപ്പ് നൽകി.

28/12/17 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന രണ്ട് ദിവസത്തെ vocation campന് ഫാ.ജോർജ്ജ് തോട്ടാൻ നേതൃത്വം വഹിച്ചു. 36 കുട്ടികൾ ഇതിൽ പങ്കെടുത്തു.

## ആദരാഞ്ജലികൾ



6/12/17 സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് ഭവനാംഗമായ **സി.ഫിദേലിസ്** 2017 ഡിസംബർ 6ന് നിര്യാതയായി. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും കുരിയച്ചിറ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



14/12/17 സി.എം.സി. ചൂണ്ടൽ മരീന ഹോം ഭവനാംഗമായ **സി.ബൊളോനിയ** 2017 ഡിസംബർ 14 ന് നിര്യാതയായി. അിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ചൂണ്ടൽ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



16.12.2017 എഫ്. സി. സി തൃശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനാംഗമായിരുന്ന **ബ. സി. റൂപ്പർട്ട്** ഡിസംബർ 16–ാം തീയതി രാത്രി 9.30ന് നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടന്നു. 17–ാം തീയതി ഉച്ചതിരിഞ്ഞ് 4 മണിക്ക് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



16/12/17 സി.എം.സി. പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് ഭവനാംഗമായ **സി.സീത്ത** 2017 ഡിസംബർ 16 ന് നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും, മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

**സി. നമിത റോസ് സി.എം.സി**

സി.ആർ.ഐ സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ

17-ാം പാസ്റ്ററൽ കൗൺസിലിന്റെ 4-ാം യോഗം 2018 മാർച്ച് 10 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ ഡി.ബി.സി.എൽ.സി. യിൽ വെച്ച് നടക്കുന്നു. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് ക്ഷണിക്കുന്നു.

**ചർച്ചാ വിഷയം: യുവജനങ്ങളും വിശ്വാസ സാക്ഷ്യവും**

**ചോദ്യങ്ങൾ:**

1. സഭാ പ്രവർത്തനങ്ങളിൽ യുവജനപങ്കാളിത്തം ഏങ്ങനെ? ഇത് കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം ചെയ്യാനാകും?
2. സഭാത്മക ജീവിതത്തിൽ നിന്ന് അകന്ന് നിൽകുന്ന യുവജനങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ എങ്ങനെ സാധിക്കും?
3. നവമാധ്യമങ്ങൾ നമ്മുടെ യുവജനങ്ങളിൽ ഉളവാക്കുന്ന സാംസ്കാരിക മാറ്റങ്ങൾ എന്തെല്ലാം?
4. ജീവിത്തിലെ സുപ്രധാന തീരുമാനങ്ങൾ (വിവാഹമുൾപ്പെടെ) എടുക്കേണ്ട അവസരങ്ങളിൽ യുവജനങ്ങൾ പരമ്പരാഗത ശൈലികളിൽ നിന്ന് വ്യതിചലിക്കുന്നുണ്ടോ? കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തുക

**ഫൊറോന കൗൺസിലുകളും പാസ്റ്ററൽ കൗൺസിൽ സബ്ജക്ട് കമ്മിറ്റികളും വിഷയം ചർച്ച ചെയ്ത് ഫെബ്രുവരി 28നു മുൻപായി റിപ്പോർട്ടുകൾ അതിരൂപതാ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.**

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ** – ജനറൽ സെക്രട്ടറി

**17-ാം പാസ്റ്ററൽ കൗൺസിലിന്റെ**
**2018 വർഷത്തിലെ സമ്മേളനങ്ങൾ**

മാർച്ച് 10, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)
ജൂൺ 9, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)
സെപ്തംബർ 8, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)
നവംബർ 10, ശനി–അവാർഡ് ദിനം (ഉച്ചകഴിഞ്ഞ് 1:30 മുതൽ 5 വരെ)







# നാമകരണനടപടികൾ

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം**

സി.എസ്.സി മരിയ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. റവ.ഫാ.ജോയ് പുത്തൂർ വചനസന്ദേശവും റവ.സി.ജെംസി സി.എസ്.സി ഉദാരനിധിയായ സഹൃദയൻ എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണവും നൽകി. നിനക്കൊരു കുറവുണ്ട് പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക എന്ന തിരുവചനത്തെ ആസ്പദമാക്കി ബ.സിസ്റ്റർ ക്ലാസ്സ് ആരംഭിച്ചു. ഈശോയുടെ മുമ്പിൽ കുറവുകൾ ഏറ്റു പറഞ്ഞവർക്കെല്ലാം പരിഹാരമാർഗ്ഗങ്ങളും അവിടുന്ന് നൽകുന്നുണ്ടല്ലോ. ദയ, ദാനം, മിതത്വം എന്നീ പുണ്യങ്ങൾ ജീവിതബന്ധിയാക്കിയ ഊക്കനച്ചന്റെ കുറവുകൾ ഈശോ തന്നെയാണ് നികത്തിയത്. ഉദാരമനസ്ക്കനായ ഊക്കനച്ചന്റെ മാദ്ധ്യസ്ഥ്യം വഴി ലഭിച്ച ജീവിതാനുഭവങ്ങളും ബ.സിസ്റ്റർ കൂട്ടിച്ചേർത്തു. അച്ചന്റെ നല്ല മനോഭാവങ്ങൾ നമുക്കും അനുകരിക്കാമെന്ന് ഓർമ്മപ്പെടുത്തി ബ.സിസ്റ്റർ ക്ലാസ്സ് അവസാനിപ്പിച്ചു. അനുസ്മരണബലി കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ.ഫാ.ജോയ് പുത്തൂർ ആയിരുന്നു. സുരക്ഷിതത്വത്തിന്റെ മേഖല വിട്ട് ദൈവത്തിന് വിട്ടുകൊടുത്ത വ്യക്തിയാണ് ഊക്കനച്ചൻ. സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കല്ല ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങളാണ് അച്ചൻ ചെയ്തത്. ഉദാരപൂർവ്വം നന്മകൾ ചെയ്ത് നമുക്ക് ജീവിക്കാം ദൈവദാസന്റെ മാദ്ധ്യസ്ഥ്യം തേടാം.







# നാമകരണനടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

**പൗരോഹിത്യ സ്വീകരണ വാർഷികം:** ഡിസംബർ 22ന് ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ പൗരോഹിത്യവാർഷികദിനത്തിൽ മാർ. ടോണി നീലങ്കാവിൽ പിതാവ് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി. ഐക്യത്തിന്റെ– ഒന്നിപ്പിന്റെ– കൂട്ടായ്മയുടെ സമന്വയിപ്പിക്കുന്ന ഒരു പ്രധാനഘടകമായിരുന്നു അച്ചൻ. പ്രഗത്ഭനായ അദ്ധ്യാപകനും വേദപ്രചാര സഖ്യത്തിന്റെ തലവനുമായിരുന്നു അന്തോണിയച്ചൻ എന്ന് പിതാവ് എല്ലാവരേയും ഓർമ്മിപ്പിച്ചു. ചേലക്കരയിലെ സ്നാപകയോഹന്നാനായിരുന്നു അന്തോണിയച്ചൻ. ചേലക്കരയ്ക്ക് യേശുവിനെ പരിചയപ്പെടുത്തിയവൻ. വചനം ജീവിക്കാനും പ്രഘോഷിക്കാനും ചേലക്കരയിൽ വചനം എഴുതിചേർക്കാനും വന്നവൻ. പ്രേഷിത തീക്ഷ്ണതയാൽ നിറഞ്ഞ അദ്ദേഹത്തിന്റെ ജീവിതത്തെ തൊട്ടറിഞ്ഞ നമുക്കും വചനത്താൽ ജ്വലിക്കാനും പ്രേഷിതതീക്ഷ്ണതയാൽ നിറയാനും ആഗ്രഹിച്ചു പ്രാർത്ഥിക്കാം.

**ആദ്യവെള്ളി ആചരണം** : ജനുവരിമാസത്തെ ആദ്യവെള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കിയത് കുരിയച്ചിറ പള്ളി അസിസ്റ്റന്റ് വികാരി ഫാ. സിജോ മുരിങ്ങാത്തേരിയായിരുന്നു. വചനം പങ്കുവെയ്ക്കാൻ കടന്നുവന്നത് എം.ആർ. ജോർജ്ജ് ഒല്ലൂർ ആണ്. പ. അമ്മയെ നിധിപോലെ സൂക്ഷിച്ചുവെച്ചവനായിരുന്നു ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ. ഇടവകയുടെ നാമം തന്നെ പ. അമ്മയുടേതാണ്. ദൈവത്വവും മനുഷ്യത്വവും ഒന്നുപോലെ വിളങ്ങിനില്ക്കുന്ന പ. അമ്മയുടെ കരം പിടിച്ച് നമുക്ക് മുന്നേറാൻ കഴിയണം. കാനായിലെ കല്യാണവീട്ടിൽ അമ്മ പ്രവർത്തിച്ചതുപോലെ നമ്മുടെ കുറവുകളെല്ലാം നിറവുകളാക്കി മാറ്റാൻ അമ്മയ്ക്കു കഴിയും. ഒരു കാര്യം മാത്രമേ വേണ്ടതുള്ളൂ. അവൻ പറയുന്നതുപോലെ ചെയ്യുക. തുടർന്ന് പ. കുർബ്ബാനയുടെ ആശീർവ്വാദവും രോഗികൾക്കായുള്ള പ്രാർത്ഥനയും കുട്ടികൾക്കായുള്ള ആശീർവ്വാദവും ഊട്ടുനേർച്ചയും നടന്നു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# പാലയൂർ തീർഥകേന്ദ്രം

**1. ജനുവരി 14 മുപ്പിട്ടുഞായർ തിരുനാളും ദണ്ഡവിമോചനവും**

ജനുവരി 13 ന് വൈകീട്ട് 5 മണിക്ക് ദണ്ഡവിമോചന നവീകരണ ശുശ്രൂഷ മുതൽ 14–ാം തിയ്യതി രാത്രി വരെയുള്ള സമയങ്ങളിൽ, വിശ്വാസപൂർവ്വം വിശ്വാസകവാട ത്തിലൂടെ പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. 14–ാം തിയ്യതി ഉച്ചകഴിഞ്ഞ് 3.00 ന് ആഘോഷമായ മാമ്മോദീസ. അന്ന് 6.30 നും 10.30 നും 3.30 നും 5.30 നും വിശുദ്ധ കുർബ്ബാന, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച കൂടാതെ രാവിലെ 6.30 ന്റെ കുർബ്ബാനയോടുകൂടി പ്രദക്ഷിണവും നേർച്ച ഭക്ഷണവും ഉണ്ടായിരിക്കും.

**2. മാർതോമ ചൊവ്വാഴ്ച ആചരണം**

ജനുവരി 2, 9, 16, 23, 30 തിയ്യതികളിൽ 9.45 ന് കൊന്ത, മാർതോമ നൊവേന, സമർപ്പണം, വചനപ്രഘോഷണം, 12.00 ന് വി. കുർബ്ബാന, നേർച്ച ഭക്ഷണം, ആരാധ ന, മധ്യസ്ഥപ്രാർത്ഥന, സാക്ഷ്യങ്ങൾ, ശിരസ്സിൽ കൈവച്ച് ആശീർവ്വാദം, വാഴ്വ്, തിരു ശേഷിപ്പുവണക്കം, കുമ്പസാരം, കൗൺസലിങ്ങ് എന്നിവയോടുകൂടി 3.15 ന് സമാപി ക്കുന്നു. രാവിലെ 6.30 നും വൈകീട്ട് 5.30 നും വി. കുർബ്ബാനയും നൊവേനയും നേർച്ചയും.

**3. തീർത്ഥകേന്ദ്രത്തിൽ ദിവ്യബലി അർപ്പിക്കുന്നതിന് ബന്ധപ്പെടുക**

ഫോൺ – 0487 2556418, 2556978

**4. ബൈബിൾ മാസാചരണം**

അതിരൂപതതല ബൈബിൾ മാസാചരണത്തിന്റെ ഉദ്ഘാടനം പാലയൂരിൽ അതിരൂപത വികാരിജനറാൾ മോൺ. തോമസ് കാക്കശ്ശേരി നിർവ്വഹിച്ചു. ബൈബിൾ



അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് കൂത്തൂർ അദ്ധ്യക്ഷതവഹിച്ചു. ഡിസംബർ മാസത്തിലെ എല്ലാ ദിവസവും ബൈബിൾ പാരായണം നടക്കുന്നു. ഒരു മാസം നീണ്ടുനില്ക്കുന്ന ബൈബിൾ കോഴ്സിന്റെ ഉദ്ഘാടനം റവ. ഫാ. ഫ്രീജോ പാറയ്ക്കൽ നിർവ്വഹിച്ചു.

**5. പാലയൂർ സന്ദർശനം**

സ്വദേശികളും വിദേശികളുമായ അനേകം പേർ ചെറിയ ഗ്രൂപ്പുകളും വലിയ ഗ്രൂപ്പുകളുമായി പാലയൂർ സന്ദർശിക്കുന്നുണ്ട്. അധികം നിർമ്മാണ പ്രവർത്തനങ്ങളോ, രൂപമാറ്റങ്ങളോ, സ്ഥാനചലനങ്ങളോ വരുത്താതെ ആദിമരൂപവും അവസ്ഥയും പാലയൂരിൽ കാത്തുസൂക്ഷിക്കാൻ സാധിച്ചതിൽ, വളരെ പേർ തൃശ്ശൂർ അതിരൂപതയെയും പാലയൂർ ഇടവകയെയും അനുമോദിച്ചു.

അകത്തോലിക്ക വിഭാഗത്തിൽപെട്ട അനേകം പേർ തീർത്ഥാടകരായി എത്തുന്നുണ്ട്. മാർ തോമ സുറിയാനി സഭാമെത്രാൻ മാത്യൂസ് മാർ മക്കാരിയോസ് തിരുമേനിയും സംഘവും പാലയൂർ സന്ദർശിച്ചു. ഓർത്തഡോക്സ് വിഭാഗത്തിലെ ഒരു ഗ്രൂപ്പ് വൈദികരും, കൂടാതെ യാക്കോബായ സഭയിൽപ്പെട്ട ഒരു കൂട്ടം വൈദികർ ഉൾപ്പെടുന്ന ഗ്രൂപ്പും ഈയിടെ സന്ദർശിച്ചവരിൽ ഉൾപ്പെടുന്നു.

നമ്മുടെ അതിരൂപതയിൽ നിന്നും മറ്റു രൂപതകളിൽ നിന്നും കുടുംബകൂട്ടായ്മകളും, സംഘടനകളും ഇടവകകളും, മതബോധനഗ്രൂപ്പുകളും സ്ഥാപനങ്ങളും ഗ്രൂപ്പുകളായി സന്ദർശിക്കുന്നുണ്ട്.

**6. പാലയൂർ കൺവെൻഷൻ ഒരുക്കസമ്മേളനം**

പാലയൂർ കൺവെൻഷനും മറ്റും ആവശ്യമായ ഒരുക്കങ്ങൾ നടത്തുന്നതിനുവേണ്ടി, വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ അദ്ധ്യക്ഷതയിൽ വിപുലമായ യോഗം അരമനയിൽവച്ച് ചേരുകയുണ്ടായി. വിവിധ ഫൊറോനകളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. 2018 മാർച്ച് 10 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ വൈകീട്ട് 5.00 മുതൽ 9.00 വരെ നടക്കുന്ന കൺവെൺഷന്റെ വിജയത്തിനുവേണ്ടി ഒരുക്കപ്രാർത്ഥന എല്ലാ ഇടവകകളിലും കുടുംബങ്ങളിലും ഡിസംബർ 25 മുതൽ ചൊല്ലുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ തീരുമാനിച്ചു.

**7. വ്രതാരംഭകൂട്ടായ്മ**

വ്രതാരംഭകൂട്ടായ്മ പാലയൂർ തളിയകുളത്തിൽവെച്ച് 2018 ഫെബ്രുവരി 12 തിങ്കളാഴ്ച 5.00 മണിക്ക്, മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആചരിക്കുന്നതാണ്. അനുതാപത്തിന്റെ വസ്ത്രം മാറാൻ ആഗ്രഹിക്കുന്നവർ, ഫോൺ വഴി ബുക്ക് ചെയ്താൽ, വ്രതാരംഭകൂട്ടായ്മയ്ക്ക് വരുമ്പോൾ പാലയൂർവെച്ച് വാങ്ങാവുന്നതാണ്. ചാരനിറത്തിലോ കാവി നിറത്തിലോ ഉള്ളത് ധരിക്കാം. വനിതകൾക്ക് വേണ്ടി ചാരനിറത്തിലുള്ള സാരിയും ലഭ്യമാക്കുന്നതാണ്. ഫോൺ – 0487 2556418. മറ്റു ഇടവകകളിലെ വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ച് വ്രതാരംഭകൂട്ടായ്മയ്ക്ക് ജനങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണമെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി.

**ഫാ. ജോസ് പുന്നോലിപറമ്പിൽ–** റെക്ടർ

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുട്ടികളെ,

ഉയിർപ്പ് ഞായറിനൊരുക്കമായി വലിയ നോമ്പ് കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. കുട്ടികളായ നിങ്ങളെ സംബന്ധിച്ചെടുത്തോളം വാർഷിപരീക്ഷക്ക് ഏറ്റവും അടുത്ത് ഒരുങ്ങികൊണ്ടിരിക്കുകയാണ്. യേശുവിന്റെ മരുഭൂമിയിലെ പരീക്ഷയെ കുറിച്ചുള്ള സുവിശേഷഭാഗം വായിച്ചുകൊണ്ടാണ് നാം വലിയ നോമ്പ് ആരംഭിക്കുന്നത്. മത്തായിയുടെ സുവിശേഷം 4-ാം അദ്ധ്യായം 1, 2 വാക്യങ്ങളിൽ നാം വായിക്കുന്നു. അനന്തരം പിശാചിനാൽ പരീക്ഷിക്കപെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. യേശു 40 ദിനരാത്രങ്ങൾ ഉപവസിച്ചു. ജീവിതത്തിൽ പരീക്ഷകളും പ്രലോഭനങ്ങളും ഉണ്ടാവുക ആവശ്യമാണെന്ന് യേശുവിന്റെ ജീവിതം തന്നെ സാക്ഷ്യം നൽകുന്നു. അവയെ അതിജീവിച്ചുകൊണ്ട് വേണം നാം വിജയിക്കാൻ. യേശു തന്റെ പരസ്യജീവിതത്തിന് ഒരുക്കമായി മരുഭൂമിയിൽ പ്രാർത്ഥനയും ഉപവാസവും നടത്തികൊണ്ടാണ് പരീക്ഷകളെ ജയിക്കാൻ ശക്തിനേടിയത്. നമ്മുടെ ജീവിതത്തിലും പരീക്ഷകൾ വിജയത്തിനാവശ്യമാണ്.

നോമ്പ്കാലം - സഭയുടെ ആരാധന ക്രമമനുസരിച്ച് ഏറ്റവും വലിയ തിരുനാളുകൾക്ക് മുമ്പ് പ്രാർത്ഥനയും ഉപവാസവും നടത്തുക പതിവായിരുന്നു. സീറോ മലബാർ സഭയിലെ നമ്മുടെ പൂർവ്വികർ പണ്ട്കാലത്ത് പലതരത്തിലുള്ള നോമ്പുകൾ അനുഷ്ഠിച്ചിരുന്നു. അവ പ്രധാനമായും താഴെ പറയുന്നവയാണ്.

1) ഈസ്റ്ററിന് ഒരുക്കമായുള്ള 50 നോമ്പ് (വിഭൂതി മുതൽ ഉയിർപ്പു വരെ)
2) ക്രിസ്തുമസിന് ഒരുക്കമായുള്ള 25 നോമ്പ് (ഡിസംബർ 1–25)
3) മാതാവിന്റെ സ്വർഗാരോപണ

ത്തിന് ഒരുക്കമായുള്ള 15 നോമ്പ് (ആഗസ്റ്റ് 1–15)

4) മാതാവിന്റെ ജനനതിരുനാളിനൊരുക്കമായുള്ള 8 നോമ്പ് (സെപ്തംബർ 1–8)

5) നിനിവെ നിവാസികളുടെ ഉപവാസത്തെ അനുസ്മരിച്ചുകൊണ്ടുള്ള 3 നോമ്പ് തുടങ്ങിയവ

നോമ്പ്, ഉപവാസം എന്നീ രണ്ട് പദ പ്രയോഗങ്ങൾ സഭയിൽ കാണുന്നു. ഏതെങ്കിലും ഭക്ഷണമൊ, ഇഷ്ടപ്പെട്ട കാര്യമൊ നിശ്ചിത ദിവസങ്ങളിൽ ഉപേക്ഷിക്കുക (ഉദാ. വലിയനോമ്പിൽ മാംസം ഉപേക്ഷിക്കുന്നത്) എന്നതാണ് നോമ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഉപവാസം എന്നത് ഭക്ഷണം ഉപേക്ഷിച്ച് കർത്തവിന്റെ കൂടെ കൂടുതൽ സമയം തപസിലായിരിക്കുക എന്നതാണ്. രണ്ട് തരത്തിലാണ് ഉപവാസം നാം അനുഷ്ഠിച്ചിരുന്നത്.

1) പ്രഭാതം മുതൽ പ്രദോഷം വരെ പകൽ സമയം മുഴുവൻ ഭക്ഷണമില്ലാതെ കൂടുതൽ സമയം പ്രാർത്ഥനയിലായിരിക്കുക.

2) എന്നാൽ നമ്മുടെ നാട്ടിൽ കൂടുതൽ പ്രചാരത്തിൽ ഇരിക്കുന്നത് ഒരുനേരം മാത്രം ഭക്ഷണം കഴിച്ചുകൊണ്ട് ഉപവാസമനുഷ്ഠിക്കുക എന്നതാണ്.

ഉപവസിക്കുക എന്ന വാക്കിനർത്ഥം കൂടെ വസിക്കുക എന്നതാണ്. വിഭൂതി, ദുഖവെള്ളി, എന്നിവ കടമുള്ള ഉപവാസദിനങ്ങളാണ്. വലിയനോമ്പിലെ വെള്ളിയാഴ്ചകളിലും നാം ഉപവസിക്കാറുണ്ട്. ഈ ദിവസങ്ങളിൽ കുട്ടികളും, രോഗികളും, പ്രായമായവരും ഒഴികെ എല്ലാവരും ഉപവസിക്കാൻ സഭ പഠിപ്പിക്കുന്നു.

50 നോമ്പ് – യേശു 40 ദിവസം പ്രാർത്ഥനയിലും ഉപവാസത്തിലും ചിലവഴിച്ചതിനെയാണ് 50 നോമ്പിൽ നാം അനുസ്മരിക്കുക. വിവിധ സഭകൾ പലരീതിയിലാണ് വലിയനോമ്പിലെ ഈ ദിവസങ്ങളെ കണക്കിലെടുക്കുന്നത്. സീറോ മലബാർ ആരാധന ക്രമത്തിൽ വലിയ നോമ്പിലെ 7 ഞായറാഴ്ച്ചകൾ കർത്താവിന്റെ ദിനങ്ങളായതിനാൽ പെസഹാദിനങ്ങളായ, പെസഹാ വ്യാഴം, ദുഃഖവെള്ളി, ദുഃഖ ശനി എന്നിവയും വേറെ ഗണത്തിൽ പെടുന്നു. ഈ 7+3= 10 ദിവസങ്ങൾ മാറ്റി നിർത്തുമ്പോൾ വലിയ നോമ്പിൽ ബാക്കി 40 ദിവസങ്ങൾ കർത്താവിന്റെ മരുഭൂമിയിലെ ഉപവാസത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ട് നാം 50 നോമ്പ് കാലഘട്ടത്തിൽ വിഭൂതി ആരംഭിക്കുന്നത് തിങ്കളാഴ്ച്ചയാണ്. ലത്തീൻ സഭയിൽ ഓശാനയോടുകൂടെ ആരംഭിക്കുന്ന വലിയ ആഴ്ച്ചയെ പ്രത്യേക ഗണമായി കണക്കാക്കുന്നു. അതിനാൽ ലത്തീൻ സഭയിൽ വിഭൂതി ആരംഭിക്കുന്നത് ബുധനാഴ്ച്ചയാണ്.

നോമ്പ് കാലത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ പാപത്തെകുറിച്ച് പശ്ചാത്തപിച്ച് പരിഹാരം ചെയ്യുക, പ്രലോഭനങ്ങളെ അതിജീവിക്കാ

നുള്ള ശക്തി നേടുക, ജീവിത നവീകരണം വരുത്തി പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേല്ക്കുക എന്നതാണ്. മത്തായിയുടെ സുവിശേഷം 6-ാം അധ്യായത്തിൽ നോമ്പ്കാല ചൈതന്യം വ്യക്തമായി ഈശോ അവതരിപ്പിക്കുന്നുണ്ട്. അവ പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയാണ്. അതിനാൽ പ്രിയ കുഞ്ഞുമക്കളേ താഴെ പറയുന്ന കാര്യങ്ങൾ നോമ്പുകാലത്ത് പ്രത്യേകം അനുഷ്ഠിക്കുവാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

1. കൂടുതൽ സമയം നാം പ്രാർത്ഥനയിൽ ചിലവഴിക്കണം. സാധിക്കുന്ന ദിവസങ്ങളിൽ എല്ലാം കുർബാനയിൽ പങ്കുകൊള്ളുകയും വെള്ളിയാഴ്ച്ചകളിൽ കുരിശിന്റെ വഴി നടത്തുകയും വേണം
2. വെള്ളിയാഴ്ച്ചയെങ്കിലും ഒരു നേരം എടുക്കുവാൻ (ഉപവാസം) നിങ്ങൾ ശ്രമിക്കുമല്ലോ.
3. പാപത്തെക്കുറിച്ച് പശ്ചാത്തപിച്ച് നല്ല കുമ്പസാരം നടത്തണം. വഴക്കുള്ളവരുമായി രമ്യപ്പെടണം.
4. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ചില വസ്തുകൾ (ഉദാ. ഐസ്ക്രീം, ഒരുനേരത്തെ ചായ) ഉപേക്ഷിച്ച് 50 ദിവസം നിങ്ങൾ മിച്ചം വെയ്ക്കുന്ന സംഖ്യ ധർമ്മദാനമായി പാവപ്പെട്ടവർക്കു കൊടുക്കണം. മിഷൻ പ്രവർത്തനത്തെ സഹായിക്കുന്നതും നല്ല ചൈതന്യമാണ്.
5. പരീക്ഷയുടെ വിജയത്തിനായി നന്നായി പ്രാർത്ഥിക്കണം. ബുദ്ധിമുട്ടി പഠിച്ച് പരീക്ഷയെഴുതാതെ പരീക്ഷാവിജയം സാധ്യമല്ല എന്നറിയാമല്ലോ.

അനുഗ്രഹദായകമായ നോമ്പ് കാലം ഞാൻ നിങ്ങൾക്ക് ആശംസിക്കുന്നു. വാർഷിക പരീക്ഷയിൽ വിജയം നേരുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കുമല്ലോ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

വിശ്വാസപരിശീലനത്തിലെ വാർഷിക പരീക്ഷകൾ അടുത്തെത്തിയിരിക്കുന്നു. പഠിച്ച കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാനും പഠിക്കാതെപോയ കാര്യങ്ങൾ വീണ്ടും ശ്രദ്ധിക്കാനും ഉള്ള അവസരമാണ്. എല്ലാ വിദ്യാർത്ഥികൾക്കും നല്ല പരീക്ഷകൾ ആശംസിക്കുന്നു. പഠിച്ചവ പ്രാവർത്തികമാക്കാനുള്ളവയാണ്. അതിനുള്ള അവസരങ്ങൾ അനവധിയാണ്. നമ്മുടെ കർത്താവിന്റെ ദൈവാലയത്തിലെ സമർപ്പണത്തി

രുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ ഈശോയ്ക്കായി സ്വയം സമർപ്പിച്ചവരെ പ്രത്യേകം ഓർക്കുകയും സമർപ്പിതദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. ലൂർദ്ദ് മാതാവിന്റെ തിരുനാളും രോഗീദിനവും ഈ മാസത്തിലാണ്. എല്ലാ രോഗികൾക്കും വേണ്ടി പ്രത്യേക മധ്യസ്ഥപ്രാർത്ഥന നടത്താം. വലിയനോമ്പും ഈ മാസത്തിൽ ആരംഭിക്കുന്നു. ആത്മീയ ഉണർവ്വിന്റെ ഈ കാലഘട്ടം ഫലപ്രദമായി വിനിയോഗിക്കാം. നന്നായി ഒരുങ്ങി മതബോധന പരീക്ഷകളും സ്കൂൾ പരീക്ഷകളും ചെയ്യാം.

**1. ഞായർ മതബോധന വാർഷിക പരീക്ഷകൾ:**

2018 ഫെബ്രുവരി 11, 2 pm-4 pm : **Std X, XI & XII**

2018 ഫെബ്രുവരി 18, 2 pm-4 pm : **Stds. I, III, V, VII, IX, & ACC** (3 hours, 2 pm-5 pm)

2018 ഫെബ്രുവരി 25, 2pm-4pm : **Stds. II, IV, VI & VIII**

**2. പരീക്ഷയെ സംബന്ധിച്ച നിർദ്ദേശങ്ങൾ** കൃത്യമായി പാലിക്കേണ്ടതാണ്. ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും അറിയിക്കേണ്ടതാണ്.

**3. Std. XII & ACC Common Examinations – February 2018**

**a)** പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി വരുന്നത് ഒരാൾ മാത്രമായിരിക്കും. അതിനാൽ പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമുള്ളത്ര അധ്യാപകരെ യൂണിറ്റിൽനിന്നുതന്നെ നിയോഗിക്കേണ്ടതാണ്.

**b) XII, ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷാരീതി:**
XII, ACC വാർഷിക പരീക്ഷയ്ക്ക് യൂണിറ്റിൽനിന്ന് ഉത്തരക്കടലാസ്സുകൾ നല്കേണ്ടതില്ല. ചോദ്യങ്ങൾക്കു താഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book സംവിധാനമാണ്, കഴിഞ്ഞവർഷത്തേതുപോലെ, തയ്യാറാക്കുന്നത്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി, ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.

**c)** XII, ACC പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും വിസിറ്റ് നടത്തേണ്ട യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാ

രിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

**d)** പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

**4. ഉത്തരക്കടലാസു പരിശോധന:** Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക അതിരൂപതാ മതബോധന കേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും മാർച്ച് 1 ന് ലഭിക്കുന്നതാണ്. ബ്ലോഗ് അഡ്രസ്സ് http://catechismtrichur.blogspot.in വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്; ആനുപാതികമല്ലാതെയും അർഹതയില്ലാതെയും മാർക്ക് നൽകിയ ഉത്തരക്കടലാസ്സുകളുണ്ടോ എന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും പരിശോധിക്കേണ്ടതാണ്.

**5. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2018**

**a)** ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ACC Examination Board തീരുമാനപ്രകാരമാണ്. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതാണ്.

**b)** Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**Chief Examiners' Meeting**: 25th February, Sunday 10.30 AM
**Centralised Evaluation** : Time: 9.30 AM - 4.30 PM

**Std. XII** : Saturday 3rd & Sunday 4th March
**ACC** : Saturday 3rd & Sunday 4th March ,
Saturday 10th & Sunday 11th March

6. **Intensive Catechism –** ദൈവദർശൻ 2018
**(ACC വിദ്യാർത്ഥികൾക്കും കൂടി)**

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറുമായി ബന്ധപ്പെടുക:

V. Rev. Fr. Dominic Thalakoden : 0487 - 2420891, 2423196

**7. Sunday Catechism Scholarship Exam. 2018**

1. Stds. IV to XI ലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പരീക്ഷ അതിരൂപതാടിസ്ഥാനത്തിൽ 2018 ഏപ്രിൽ **21** ശനിയാഴ്ച **2**PM– **4**PM ന് വിവിധ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുന്നതാണ്.

2. അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനം മാർക്ക് നേടിയ (40/50) വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ മതബോധനത്തിൽ നിശ്ചിത തിയതിക്കുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ലഭിച്ച ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്തിരുന്നു. ഇപ്രകാരം മതബോധനകേന്ദ്രത്തിലെ പുനർമൂല്യനിർണ്ണയത്തിനുശേഷം ലഭിച്ച മാർക്കിനോടുകൂടി വാർഷികപരീക്ഷയിൽ യൂണിറ്റിലെ മൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്കുകൂടി കൂട്ടിയാൽ 88 ശതമാനമോ അതിൽക്കൂടുതലോ മാർക്കുള്ള വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷയുടെ ഉത്തരകടലാസ്സുകൾ മതബോധനകേന്ദ്രത്തിലേക്ക് 2018 മാർച്ച് 14നു മുമ്പ്സമർപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്കുശേഷം വരുന്ന ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല. വാർഷിക പരീക്ഷയുടെയും ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രം പുനർമൂല്യനിർണ്ണയം ചെയ്തശേഷം സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായവരുടെ ലിസ്റ്റ് (Scholarship Eligible Students List) ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ യൂണിറ്റുകളിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കാവൂ.

3. അർദ്ധവാർഷിക, വാർഷിക പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ പുനർനിർണ്ണയം നടത്തിയശേഷം രണ്ടിലും കൂടി 90 ശതമാനമോ അതിൽ കൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളത്.

**8. School Catechism & Moral Science Scholarship Exam. 2018**

പരീക്ഷാ ദിവസം: **7th April Saturday** 2PM – **4** PM. പതിവുപോലെ 7 കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. **Scholarship Students List** മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട അവസാനതിയ്യതി **15th February.**

**9. SMCC Award Std XII - 2017**

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ Syro-Malabar Catechetical Commission (SMCC) Std XII-ലെ വിദ്യാർത്ഥികൾക്കായി നടത്തിയ പ്രതിഭാസംഗമത്തിൽ തൃശ്ശൂർ അതിരൂപതയിൽ നിന്നും ജെയിംസ് എഫ്. കല്ലേല്ലി (തൃശൂർ

ലൂർദ്ദ് കത്തീഡ്രൽ), ആഡ്ലിൻ സി. എൻ. (കോളേങ്ങാട്ടുകര), മാത്യു സാജൻ (പാലയ്ക്കൽ), അനുഷ്ക തോമസ് (മണ്ണംപേട്ട), ജാസ്മിൻ ടോണി (പുറനാട്ടുകര), ഗ്രെയ്സ് കൃപ (തൃശൂർ ലൂർദ്ദ് കത്തിഡ്രൽ) എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭയുടെ കേരളത്തിലെ 13 രൂപതകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 76 വിദ്യാർത്ഥികൾ പ്രതിഭാ സംഗമത്തിന് എത്തിയിരുന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്നും **ജെയിംസ് എഫ്. കല്ലേല്ലി, മാത്യു സാജൻ** എന്നിവർ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടു. അവർക്ക് തൃശ്ശൂർ അതിരൂപതയുടെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ.



James F. Kallely
Thrissur Lourde
Prathiba



Mathew Sajan
Palakkal
Prathiba

**10. അധ്യാപകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിലെ റാങ്ക് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ!**



Rank I
Dr. Suny Tony
(Mariapuram)



Rank II
Bindhu Baby
(Perinchery)



Rank III
Litty Rappai
(Varakkara St. Antony)

## Other Ranks

| Rank | Reg. No. | Name | Unit |
|---|---|---|---|
| IV | 297 | Mariya Jini P. V. | Engandiyur |
| V | 153 | Dr. Lucy K.M. | Mannuthy |
| VI | 255 | Reena Sebastian | Chiyyaram Vijayamatha |
| VII | 215 | Graicy Joy | Padavarad |

| | | | |
|---|---|---|---|
| VIII | 131 | Sr. Maria Therese CHF | Ayyanthole |
| IX | 166 | Dimple Benny | Thrissur Lourdes |
| X | 163 | Neena Jithesh | Ponganamkad |

**11. Short Film മത്സരവിജയികൾ**

**I : പ്രത്യുത്തരം (St. Joseph Unit Valakkavu)**

**II : The Reminder (Galilee Unit, Chiyyaram)**

**III : കാവൽ (Our Lady of Rosary Unit, Eranellur)**

**12. 2017-18 അധ്യയനവർഷത്തിലെ മോഡൽ യൂണിറ്റുകൾ**

**a) Archdiocesan Level Best Model Unit : Parempadam**

**b) Forane Level Model Units:**

| *Forane* | *Model Unit* |
|---|---|
| Chelakkara | **Mulloorkkara** |
| Erumappetty | **Parempadam** |
| Kandassankadavu | **North Pudukad** |
| Kottekkad | **Peramangalam** |
| Mattom | **Mattom** |
| Ollur | **Perinchery** |
| Palayur | **Chemmannur** |
| Parappur | **Amala Nagar** |
| Pattikad | **Kannara** |
| Pazhuvil | **Anthikad** |
| Pudukad | **Chittissery** |
| Puthur | **Valakkavu** |
| Thrissur Lourdes | **Thrissur Lourdes Cathedral** |
| Thrissur Dolours | **Ayyanthole** |
| Velur | **Vellattanjur** |
| Wadakkanchery | **Wadakkanchery** |

**c) Units deserving special mention:**

| | |
|---|---|
| Pathiyaram | Thandilam |
| Manalur West | Thiroor |
| Mannampetta | Venginissery |
| Mukkattukara | Kottapady |
| Kuriachira | Chittilappilly |

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
Ass. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

**B.A. in Theology and Religious Studies:**

ലുവെൻ ബെൽജിയം യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

**Basic Theology Course :**

സന്യാസാർത്ഥിനികൾക്കായുള്ള മൂന്നു മാസത്തെ ബേസിക് തിയോളജി കോഴ്സ് 2018 ജനുവരി 8-ാം തിയ്യതി ആരംഭിച്ചു. 5 സന്യാസസമൂഹങ്ങളിൽ നിന്നായി 18 സന്യാസാർത്ഥിനികളാണ് കോഴ്സിൽ സംബന്ധിക്കുന്നത്. ഇവരെ അയച്ച സന്യാസിനീസമൂഹാധികാരികൾക്ക് പ്രത്യേകം നന്ദി.

പങ്കെടുക്കുന്ന സന്യാസിനീസമൂഹങ്ങൾ താഴെ പറയുന്നവയാണ്.

1 Sisters of the Adoration of the Blessed Sacrament (SABS)
2 Congregation of Holy Family (CHF)
3 Little Sisters of Mother of Sorrows (Clelia Sisters)
4 Franciscan Clarist Congregation (FCC)
5 School Sisters of St.Francis (OSF)

**Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ 2018 ഫെബ്രുവരി 11, 25 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)



# മേരിമാത സെമിനാരി

**1. ക്രിസ്തുമസ് ആഘോഷം**

16–12–2017 ശനിയാഴ്ച വൈകിട്ടാണ് സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷിച്ചത്. രണ്ടാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ മനോഹരമായ പുൽക്കൂട് അണിയിച്ചൊരുക്കി. സാന്താക്ലോസിനെ ഒരുക്കിയവതരിപ്പിച്ചത് ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളാണ്. ഔപചാരികതകൾ ഇല്ലാതിരുന്ന ആഘോഷത്തിൽ ഏവരും ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറി. എല്ലാ ബാച്ചുകളുടെയും കരോൾ ഗാനങ്ങൾ ആഘോഷത്തിന് മാറ്റ് കൂട്ടി. സന്തോഷവും സാഹോദര്യവും കുടുംബാരൂപിയും നിറഞ്ഞു തുളുമ്പിയ ദിനമായിരുന്നു അന്ന്.

**2. ക്രിസ്തുമസ് അവധി**

17–12–2017 ഞായറാഴ്ച സെമിനാരിക്കാരെല്ലാവരും അവധിക്കായി സ്വഭവനങ്ങളിലേക്ക് പോയി. ഇടവകകളിലെ ക്രിസ്തുമസ്–പുതുവത്സരാഘോഷങ്ങളിലും തിരുപ്പട്ട ശുശ്രൂഷകളിലും പങ്കെടുത്തതിന് ശേഷം 05–01–2018 വെള്ളിയാഴ്ച എല്ലാവരും സെമിനാരിയിൽ തിരിച്ചെത്തി.

**3. ദനഹാത്തിരുന്നാൾ**

അവധികഴിഞ്ഞെത്തിയ അന്നുതന്നെ (05–01–2018) രാത്രി 8 മണിയോടുകൂടി മേരിമാതയിൽ ദനഹാത്തിരുന്നാൾ ആഘോഷിച്ചു. പതിവുള്ളതുപോലെ സെമിനാരിമുറ്റത്ത് പിണ്ടി തെളിയിച്ച് പ്രാർത്ഥനാശുശ്രൂഷ നടത്തി. ബഹു. ഫാ. വിൻസന്റ് ആലപ്പാട്ട് തിരുന്നാൾ സന്ദേശം നല്കി. തുടർന്ന് ഏൽപയ്യാ ഗാനമാലപിച്ച് ദനഹാതിരുന്നാളിന്റെ സ്മരണ മനസ്സിൽ സജീവമാക്കി.

**4. MST ജൂബിലായാഘോഷം**

1968 ൽ സ്ഥാപിതമായ MST വൈദികസമൂഹത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിന്റെ ഭാഗമായി തൃശ്ശൂർ, പാലക്കാട്, ഇരിഞ്ഞാല

ക്കുട രൂപതകളിൽ നിന്നുള്ള MST വൈദികരുടെ സംഗമവും ജൂബിലി യാഘോഷവും 06–01–2018 ശനിയാഴ്ച മേരിമാതാ സെമിനാരിയിൽ നട ത്തപ്പെട്ടു. രാവിലെ പത്തുമണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു. MST ഡയ റക്ടർ ജനറൽ ബഹു. ഫാ. കുര്യൻ അമ്മനത്തുകുന്നേലും MST ജന റൽ കൗൺസിലർ ബഹു. ഫാ. തോമസ് ചെങ്ങനാരിപ്പറമ്പിലും സന്നി ഹിതരായിരുന്നു. തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട്, രൂപതകളിൽ നിന്നുള്ള 14 MST വൈദികരും അവരുടെ ബന്ധുമിത്രാദികളും ചടങ്ങിൽ പങ്കെടുത്തു. ദിവ്യബലിക്കുശേഷം യോഗവും തുടർന്ന് സ്നേഹവിരുന്നും നടത്തുകയുണ്ടായി.

**5. മാസധ്യാനം**

പുത്തനാണ്ടിലെ ആദ്യത്തെ മാസധ്യാനം ജനുവരി 14, 15 തിയ്യ തികളിൽ നടന്നു. വൈദികവിദ്യാർത്ഥികൾക്ക് തങ്ങളുടെ ജീവിതത്തെ വിശദമായി വിലയിരുത്താൻ സഹായിക്കുന്ന രീതിയിലാണ് മാസധ്യാനം വിഭാവനം ചെയ്തിരുന്നത്. ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിലച്ചൻ ആവശ്യമായ നിർദ്ദേശങ്ങൾ നല്കി.

**6. കൽദായ കത്തോലിക്കാസഭാ ശ്രേഷ്ഠരുടെ സന്ദർശനം**

സീറോമലബാർസഭ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ പദവി യിലേക്കുയർത്തപ്പെട്ടതിന്റെ രജതജൂബിലിയാഘോഷങ്ങളിൽ പങ്കെടു ക്കാനായി കേരളത്തിലെത്തിയ കൽദായ കത്തോലിക്കാസഭയുടെ പാത്രി യർക്കീസ് മാർ ലൂയിസ് റാഫേൽ സാക്കോ, ബസ്റയുടെയും തെക്കൻ ഇറാക്കിന്റെയും മെത്രാപ്പോലീത്ത മാർ ഹബിബ് ജജു, ബാഗ്ദാദ് സഹാ യമെത്രാൻ മാർ ബസേൽ യാൽദോ എന്നിവർ 14–01–2018 ന് സെമി നാരി സന്ദർശിച്ച് വൈദികരെയും വൈദികവിദ്യാർത്ഥികളെയും അഭി സംബോധനചെയ്ത് സംസാരിച്ചു. ഇറാക്കിലെ സഭ അനുഭവിക്കുന്ന യാതനകളെപ്പറ്റി തികഞ്ഞ വിശ്വാസദാർഢ്യത്തോടെ അഭിവന്ദ്യപിതാ ക്കന്മാർ പങ്കുവച്ചു. ഗ്രീക്ക് ബൈസന്റയിൻ കത്തോലിക്കാസഭയുടെ മുൻ മെത്രാപ്പോലീത്തയും റോമിലെ പൗരസ്ത്യ കാനൻ നിയമ ഇൻസ്റ്റിറ്റ്യൂ ട്ടിലെ മുൻ പ്രൊഫസറുമായ മാർ ദിമിത്രിയോസ് സലാക്കാസ് പിതാവും കൽദായ കത്തോലിക്കാ പാത്രിയർക്കീസിനോടൊപ്പം സെമിനാരി സന്ദർശിക്കുകയുണ്ടായി.

## ബേഴ്സ് സ്ഥാപിച്ചവർ

# Individual Patron Membership

1. ശ്രീ. പൗലോസ് വി. ടി., വെളിയത്ത് ഹൗസ്, അരണാട്ടുകര.
2. ശ്രീ. എ. എൽ. ജെയിംസ്, അക്കര ഹൗസ്, കൂനംമൂച്ചി.
3. ശ്രീ. ജസ്റ്റിൻ ജോസ്, **C/o** ജോസ് കാഞ്ഞിരപ്പറമ്പിൽ, കുരിയച്ചിറ.
4. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യലേറ്റ്, ഒളരിക്കര, പുല്ലഴി.

# Individual Benefactor Membership

1. ശ്രീ. കെ. പി. ദേവസ്സി, കോനിക്കര ഹൗസ്, പെരുവാംകുളങ്ങര.
2. ശ്രീമതി ഗ്രെയ്സി വിൻസന്റ്, പുലിക്കോട്ടിൽ ഹൗസ്, കൂനംമൂച്ചി.
3. ശ്രീ. പൗലോസ് പാലാട്ടി, **C/o** ഡേവിസ് ജോൺ, തോട്ടുങ്കൽ ഹൗസ്, കാളത്തോട്.
4. ശ്രീ. ടി. കെ. ബേബി, കൊള്ളന്നൂർ തഞ്ചപ്പൻ ഹൗസ്, അരണാട്ടുകര.
5. ശ്രീ. ജാസൻ ജേക്കബ്, പുലിക്കോട്ടിൽ ഹൗസ്, അടാട്ട്.
6. റവ. ഫാ. ജോൺ കൊള്ളന്നൂർ, **C/o** പ്രൊഫ. കെ. എൽ. സെബാസ്റ്റ്യൻ, കൊള്ളന്നൂർ ഹൗസ്, ചേറ്റുപുഴ.
7. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യലേറ്റ്, ഒളരിക്കര, പുല്ലഴി.

# Individual Well wisher Membership

1. ശ്രീമതി ആനി സൈമൺ, വാഴപ്പിള്ളി ഹൗസ്, ചിറനെല്ലൂർ.
2. ശ്രീമതി എലുവത്തിങ്കൽ കൂനൻ ത്രേസ്യ ലോന, എൽത്തുരുത്ത്.

തന്റെ സഭയിൽ ഇടയശുശ്രൂഷക്കായി ക്രിസ്തു തെരഞ്ഞെടുത്തവരെ പരിശീലിപ്പിക്കുന്ന പ്രക്രിയയിൽ പ്രാർത്ഥനകൊണ്ടും സാമ്പത്തിക പിന്തുണകൊണ്ടും സഹായിക്കുന്ന ഏവർക്കും ഈശോയുടെ അനുഗ്രഹങ്ങൾ സമൃദ്ധമായി ഉണ്ടാകട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

**പുതുവർഷത്തിൽ പുതിയ തുടക്കം**

2017–2018 അധ്യയന വർഷത്തിലെ അവസാനടേമിന് പുതുവത്സരദിനത്തിൽ ആരംഭം കുറിച്ചു. അവധിക്കാലം കഴിഞ്ഞ്, പുതിയ ഉന്മേഷത്തോടെ തിരിച്ചെത്തിയ സെമിനാരിക്കാർക്ക് ജനുവരി 2 മുതൽ ക്ലാസ്സുകൾ ആരംഭിച്ചു.

**നവവൈദികർക്ക് സ്വീകരണം**

ഈ വർഷം അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് മാതൃഭവനമായ മൈനർ സെമിനാരിയിൽ ജനുവരി 3, 4 തീയതികളിലായി സ്വീകരണം നൽകി. ജനുവരി 3ന് വൈകിട്ട് നടന്ന അനുമോദനയോഗത്തിൽ നവാഭിഷിക്തർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും സെമിനാരിക്കാർക്ക് പ്രചോദനാത്മകമായ സന്ദേശങ്ങൾ നൽകുകയും ചെയ്തു. ജനുവരി 4ന് രാവിലെ സെമിനാരി കുടുംബത്തോടൊപ്പം കൃതജ്ഞതാബലി അർപ്പിക്കുകയും ചെയ്തു.

**അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

2018 ജനുവരി 5ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവും ജനുവരി 19ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും ജനുവരി 22ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് തിരുവചനസന്ദേശം നൽകി.

**ദനഹാതിരുനാൾ**

ഈശോയുടെ പ്രത്യക്ഷീകരണത്തെ അനുസ്മരിച്ച് പ്രാർത്ഥനാപൂർവ്വം പിണ്ടി തെളിയിച്ച് ദനഹാതിരുനാൾ ആചരിച്ചു.

**മാസധ്യാനം**

പുതുവർഷത്തിലെ പ്രഥമ മാസധ്യാനം ജനുവരി 12, 13 തീയതികളിലായിരുന്നു. മൈനർ സെമിനാരിക്കാർക്ക് ബഹു. ജിയോ ചെരടായി അച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും റീജൻസിക്കാർക്കും ബഹു. ജോൺസൻ ചിറ്റിലപ്പിള്ളി അച്ചനും പെ. ബഹു. മാത്യു കുറ്റിക്കോട്ടയിൽ അച്ചനും ധ്യാന വിചിന്തനങ്ങൾ നൽകി.

**വിനോദ-തീർത്ഥയാത്ര**

ജനുവരി 20ന് വി. ചാവറ പിതാവിന്റെ കബറിടവും ഫാ. ബെനഡിക്ട് ഓണംകുളം അച്ചന്റെ കബറിടവും സന്ദർശിച്ചു. തുടർന്ന് കോട്ടയം വടവാതൂർ സെമിനാരി സന്ദർശിച്ച ശേഷം ആലപ്പുഴയിൽ ബോട്ടുയാത്ര നടത്തി സന്തോഷത്തോടെ തിരിച്ചു പോന്നു.

**സഭൈക്യവാരം**

സഭകളുടെ ഐക്യത്തിനായി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ട് സെമിനാരി കുടുംബം സഭൈക്യവാരത്തിൽ ക്രിയാത്മകമായി പങ്കുചേർന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ആന്റോ പോൾ, കിടങ്ങൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ
2. വെ. റവ. സി. സുപ്പീരിയർ ജനറൽ സി. എസ്. സി., മരിയ ഭവൻ ജനറലേറ്റ്, കോലഴി
3. റവ. ഫാ. ആന്റണി മേച്ചേരി
4. ശ്രീമതി കൊച്ചുത്രേസ്യ വർഗ്ഗീസ്, ചാലിശ്ശേരി ഹൗസ്, അയ്യന്തോൾ
5. ശ്രീ. ജെയിംസ് ടി. എൽ., തറയിൽ ഹൗസ്, പാവറട്ടി
6. ശ്രീമതി ബേബി ജെയിംസ്, തറയിൽ ഹൗസ്, പാവറട്ടി

വൈദിക ശുശ്രൂഷ ഏറ്റെടുക്കുവാൻ പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികളെ സഹായിക്കുവാൻ സന്നദ്ധത പ്രദർശിപ്പിക്കുന്ന എല്ലാവരെയും ഈശോനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ,**
റെക്ടർ.




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ക്രിസ്തുമസ്സ് ആഘോഷവും സൗജന്യ ഡയാലിസിസും**

ജൂബിലി മിഷൻ ആശുപത്രിയിൽ ഈ വർഷത്തെ ക്രിസ്തുമസ്സ് ആഘോഷവും, കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ സൗജന്യ ഡയാലിസിസ് പദ്ധതിയുടെ ധാരണാപത്രകൈമാറ്റവും നടന്നു. പ്രസ്തുത ചടങ്ങ് ക്രിസ്തുമസ്സ് പുൽക്കൂട് നാട മുറിച്ച് കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ്ജ് ശ്ലീബാ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് എല്ലാവർക്കും ക്രിസ്തുമസ്സ് സന്ദേശം നൽകി.

2000 രോഗികൾക്കുള്ള സൗജന്യ ഡയാലിസിസ് ചികിത്സയുടെ ധാരണാപത്രം കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായ ഡോ. ജോർജ്ജ് ശ്ലീബായും, മാനേജർ ബെന്റ്ലി താടിക്കാരനും കൂടി, ജൂബിലി മിഷൻ ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. പോൾ പേരാമംഗലത്തിനും, സി.ഇ.ഒ ഡോ. ബെന്നി ജോസഫിനും കൈമാറി. അതോടൊപ്പം വി–ഗാർഡിന്റെ സി.എസ്.ആർ. പ്രോഗ്രാം വഴി എല്ലാവിധ അടിയന്തര ചികിത്സാ സൗകര്യങ്ങളോടു കൂടിയ ഒരു ഐ.സി.യു. ആംബുലൻസും ജൂബിലി മിഷന് നൽകി.

ജൂബിലി മിഷൻ ആശുപത്രി, നെഫ്രോളജി വിഭാഗം മേധാവിയും, പ്രൊഫസറുമായ ഡോ. ജോൺ എ. ജി.യും, ഡോ. ജോർജ്ജ് ശ്ലീബായും സദസ്സിന് ആശംസയർപ്പിച്ചു. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അസിസ്റ്റന്റ് മാനേജർ ദീപക് ഗോപിനാഥ്, സി. കെ. പോൾ എന്നിവരായിരുന്നു വേദിയിലെ മറ്റുവ്യക്തികൾ. ജൂബിലി മിഷൻ ആശുപത്രി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ മുള്ളക്കര ചടങ്ങിൽ സംബന്ധിച്ച എല്ലാവർക്കും നന്ദി പറഞ്ഞു.

**ജേർണൽ ക്ലബ്ബ്**

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലുള്ള 23-ാമത് ജേർണൽ ക്ലബ്ബ് നടന്നു. മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർദ്ര എം.- ആണ് പേപ്പർ അവതരിപ്പിച്ചത്. വൈദ്യശാസ്ത്ര ഉപകരണങ്ങളിലൂടെയും വസ്ത്രങ്ങളിലൂടേയും രോഗാണുക്കൾ പടരുന്നതിന്റെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചുള്ള പഠനമായിരുന്നു വിഷയം. ഡോ. പി. കെ. വർഗ്ഗീസ്, ഡോ. പി.ടി അന്നാമലൈ, ഡോ. സത്യവതി എന്നിവർ തുടർന്നുള്ള ചർച്ചയിൽ പങ്കെടുത്തു.എം. ബി. ബി. എസ്. വിദ്യാർത്ഥികളുടേയും, നഴ്സിങ്ങ് ആന്റ് പാരാമെഡിക്കൽ വിദ്യാർത്ഥികളുടേയും കരോൾ ഗാനം ചടങ്ങിന് മാറ്റുകൂട്ടി.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- 2017 ഡിസംബറിൽ നാഗ്പൂരിൽ വെച്ചുനടന്ന നേഴ്സുമാരുടെ സംഘടനയായ സൊസൈറ്റി ഓഫ് ഇന്ത്യൻ ന്യൂറോ സയൻസിന്റെ 38-ാമത്തെയും, ഇന്ത്യൻ ന്യൂറോളജിക്കൽ സൊസൈറ്റിയുടെയും 66-ാമത്തെയും വാർഷിക കോൺഫറൻസിൽ വെച്ച് ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, സൊസൈറ്റി ഓഫ് ഇന്ത്യൻ ന്യൂറോ സയൻസിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.
- അമല മെഡിക്കൽ കോളേജിൽ നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ റേഡിയോളജി വിഭാഗം പി. ജി. വിദ്യാർത്ഥികൾ ഡോ. കിരൺ തിലകരാജനും, ഡോ. ജെറി ജോർജ്ജിനും അഭിനന്ദനങ്ങൾ
- കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ് (KAN) സംഘടിപ്പിച്ച ഓൾ കേരള ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഡോ. സംഗീത സി. ജോസഫ് (ന്യൂറോളജി വിഭാഗം ഡി.എം. വിദ്യാർത്ഥിനി)

**മെഡിക്കൽ ക്യാമ്പുകൾ**

- മുളയം ഹരിജൻ കോളനിയിൽ മെഡിക്കൽ ക്യാമ്പും നേത്രരോഗനിർണ്ണയക്യാമ്പും നടന്നു.
- കോലഴി സെന്റ് ബെനഡിക്ട് പള്ളിയിൽ മെഡിക്കൽ & ഇ.എൻ.ടി ക്യാമ്പ് നടന്നു.
- മുല്ലശ്ശേരി പി. എച്ച്. സി. യിൽ കാർഡിയോളജി ക്യാമ്പ് നടന്നു.

- വടക്കൻചേരി ദൈവദാൻ സെന്ററിൽ മെഡിക്കൽ & നേത്ര രോഗനിർണ്ണയക്യാമ്പും നടന്നു.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ദീപക് ആന്റണി, ആളൂക്കാരൻ ഹൗസ്, തൃശ്ശൂർ
- ശ്രീമതി വെറോനി റാഫേൽ, തേറാട്ടിൽ ഹൗസ്, ഒല്ലൂർ, തൃശ്ശൂർ
- ശ്രീ. പി. വി. ആന്റണി, പല്ലിശ്ശേരി ഹൗസ്, ഈസ്റ്റ് ഫോർട്ട് പി. ഒ., തൃശ്ശൂർ
- ശ്രീമതി ജിൻസി, ചിറയത്ത് ഹൗസ്, മുക്കാട്ടുക്കര, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- മാർക്ക് കിൻസേൽ, C/o ഫാ. ജേക്കബ് തൈക്കാട്ടിൽ, പ്രീസ്റ്റ് ഹോം, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ (50 ഡയാലിസിസ്)
- ശ്രീ. ചാക്കോ, ജോസ് ആലുക്കാസ്, മരിയാപുരം, അഞ്ചേരി, തൃശ്ശൂർ (20 ഡയാലിസിസ്)
- ഡോ. ടി. കെ. ജോസഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീമതി ലീല തോമസ്, ചിറക്കേക്കാരൻ ഹൗസ്, തൃശ്ശൂർ (100 ഡയാലിസിസ്)
- ചെറുപുഷ്പം യൂണിറ്റ്, മിഷൻ ക്വാർട്ടേഴ്സ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. സീജോ ജോസ്, കൊക്കൻ ഹൗസ്, കല്ലേറ്റുംകര, തൃശ്ശൂർ (20 ഡയാലിസിസ്)

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ചാക്കോ, ജോസ് ആലുക്കാസ്, മരിയാപുരം, അഞ്ചേരി, തൃശ്ശൂർ

**കാൻസർ രോഗികൾക്ക് സംഭാവന നൽകിയവർ**

- ശ്രീ. ചാക്കോ, ജോസ് ആലുക്കാസ്, മരിയാപുരം, അഞ്ചേരി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# ജ്യോതി  എഞ്ചിനിയറിംഗ് കോളേജ്

**അദ്ധ്യാപക പരിശീലന പരിപാടി :**
ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിന്റേയും എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിററിയുടേയും നേതൃത്വത്തിൽ  സിഗ്നൽ പ്രോസസിംഗ് & എംബ്വഡ്ഡഡ് സിസ്റ്റം ഡിസൈൻ യൂസിംഗ് ഇ.ഡി.എ. ടൂൾസ്  എന്ന വിഷയത്തെ അധികരിച്ച് ത്രിദിനശില്പശാല സംഘടിപ്പിച്ചു. ഡിസംബർ 19 മുതൽ 21വരെ സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം 19ന് കാലത്ത് 9 മണിക്ക് ഡോ.പി.എസ്. സതീദേവി,  പ്രൊഫസർ & ഡീൻ, എൻ.ഐ.ടി. കോഴിക്കോട് നിർവ്വഹിച്ചു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അഡ്മിനിസ്ട്രേററർ എഞ്ചിനീയർ. തോമസ് മാത്യു, ഇല്ക്ട്രോണിക് വിഭാഗം മേധാവി ഡോ. ജോസ് പി തേറാട്ടിൽ, പ്രോഗ്രാം കോഡിനേററർ അഞ്ജിത വി. തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു. അദ്ധ്യാപകർക്കുമാത്രമായി സംഘടിപ്പിച്ച ശില്പശാലയിൽ കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ പങ്കെടുത്തു.

**ജ്യോതി–ക്രിസ്തുമസ് ആഘോഷം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ക്രിസ്തുമസ് ആഘോഷം പഠനത്തോടൊപ്പം സാമൂഹികസേവനവും വിദ്യാർത്ഥികളുടെ കടമയാണെന്നതിനുള്ള ഉത്തമോദാഹരണമായി. കോളേജിലെ ക്രിസ്തുമസ്സ് ആഘോഷത്തോടനുബന്ധിച്ച്, ഓഖി ദുരിതാശ്വാസനിധിയിലേക്ക് വിദ്യാർത്ഥികളുടേയും, ജീവനക്കാരുടേയും നേതൃത്വത്തിൽ വസ്ത്രങ്ങളും, ഭക്ഷ്യവസ്തുക്കളും, പണവും സമാഹരിക്കുകയും, തിരുവനന്തപുരത്ത് വച്ച് നടന്ന ചടങ്ങിൽ, കോളേജ് യൂണിയൻ പ്രതിനിധികൾ ഇത് ദുരിതബാധിതർക്ക് കൈമാറുകയും

ചെയ്തു. ഒരു ലക്ഷം രൂപയോളമാണ് സമാഹരിച്ചത്.കോളേജിൽ നടന്ന ആഘോഷപരിപാടികൾ തൃശൂർ അതിരൂപതാ ആർച്ച് ബിഷപ്പും കോളേജ് ചെയർമാനുമായ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. ജിന്റോ പെരേപ്പാടൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. ഫാ. ജെയ്സൻ മുളേരിക്കൽ സി.എം.ഐ., അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അഡ്മിനിസ്ട്രേററർ തോമസ് മാത്യു തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു.

**ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അലുമിനി മീറ്റ് :**

ജ്യോതി എഞ്ചിനീയറിംഗ് കോളേജ് പൂർവ്വവിദ്യാർത്ഥി സംഗമം ഡിസംബർ 26ന് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു. തുടർന്ന് പൂർവ്വവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ അരങ്ങേറി.

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**
*അസി. മാനേജേഴ്സ്*

**മോൺ. തോമസ് കാക്കശ്ശേരി**
*മാനേജർ*




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**വർക്ക്ഷോപ്പുകൾ നടത്തി**

മുള്ളൂർക്കര : മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ 14, 15 തിയ്യതികളിൽ 1–ാം വർഷ ബി.എഡ്. വിദ്യാർത്ഥികൾ വർക്ക്ഷോപ്പുകൾ വിജയകരമായി പൂർത്തിയാക്കി. 14–ാം തിയ്യതി ചാർട്ട് വർക്ക്ഷോപ്പും, 15–ാം തിയ്യതി സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവയുമാണ് നടന്നത്. ഓപ്ഷണൽ അദ്ധ്യാപകരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സജീവമായിരുന്നു.

**വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ രണ്ടാം സെമസ്റ്റർ പഠനത്തിന്റെ ഭാഗമായി ജനുവരി 4, 5 തിയ്യതികളിൽ ആർട്സ് & ഡ്രാമ വർക്ക്ഷോപ്പുകൾ നടന്നു. മലപ്പുറം ബി.ആർ.സിയിലെ സുബിൻ സർ വർക്ക്ഷോപ്പിന് മുഖ്യ നേതൃത്വം നൽകി.

**പരീക്ഷകൾ ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ബി.എഡ് ഒന്നാം സെമസ്റ്റർ പരീക്ഷകൾ ജനുവരി 18ന് ആരംഭിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

## കാരുണ്യത്തിന്റെ സുവർണ നക്ഷത്രങ്ങൾ

ഉച്ചയ്ക്കുള്ള ഒരുമണിക്കൂർ ഇന്റർവെൽ സമയത്ത് മിച്ചംപിടിച്ച അര മണിക്കൂറും ക്ലാസുകൾ കഴിഞ്ഞുള്ള ഒരു മണിക്കൂറും ക്രിയാത്മകമായി ഉപയോഗിച്ച് സാമൂഹ്യസേവനത്തിന്റെ പുത്തൻ മാതൃകയുമായി സെന്റ് തോമസ് കോളേജിലെ ഊർജ്ജതന്ത്ര വകുപ്പ് മാർക്കറ്റിൽനിന്നും എൽ.ഇ.ഡി. ബൾബുകളും ഫ്രെയിമുകളും മൊത്തവിലയിൽ വാങ്ങി, വിദ്യാർത്ഥികൾതന്നെ സോൾഡറിംഗും വയറിംഗും ചെയ്തതിനുശേഷം, അവയെ എൽ.ഇ.ഡി. നക്ഷത്രങ്ങളാക്കി, ആവശ്യക്കാർക്ക് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി. ഇതിലൂടെ ലഭിക്കുന്ന ചെറിയ ലാഭമുപയോഗിച്ച് ആഘോഷ പരിപാടികളോടനുബന്ധിച്ചുള്ള ചാരിറ്റി പ്രവർത്തനങ്ങൾ ഇതിനകം ചെയ്തുകഴിഞ്ഞു. കഴിഞ്ഞവർഷം മുത

ലാണ് ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഇത്തരമൊരു പരിപാടി ആരംഭിച്ചത്. ഒന്നാം വർഷ വിദ്യാർത്ഥികളായ അരുൺ, ക്രിസ്റ്റിന, സനറ്റ്, ആഷിക്, അനാമിക, ഗായത്രി തുടങ്ങിയവരുടെ നേതൃത്വത്തിൽ നടക്കുന്ന നക്ഷത്ര നിർമാണത്തിന് ക്ലാസ് ഇൻ ചാർജ്ജ് ഡോ. ഡെയ്സൺ പാണേങ്ങാടനും വകുപ്പ് മേധാവി പ്രൊഫ. പി.എം.ജോയിയും പിന്തുണ നൽകുന്നു. അസംസ്കൃത സാധനങ്ങൾ വാങ്ങിനൽകി ഡിപ്പാർട്ട്മെന്റും പിന്തുണയ്ക്കുന്നു. ആദ്യനക്ഷത്ര വിൽപ്പന കോളേജ് പാട്രൻ മാർ ആൻഡ്രൂസ് താഴത്തിനും കോളേജ് മാനേജർ മാർ ടോണി നീലങ്കാവിലിനും പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസനും നൽകി നിർവഹിച്ചു.

## ഇംപ്ലിമെന്റേഷൻ ഓഫ് ലീഡ് ബാങ്ക് സ്കീം സെമിനാർ

കൊമേഴ്സ് ഗവേഷണ വിഭാഗത്തിന്റെയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ ഇംപ്ലിമെന്റേഷൻ ഓഫ് ലീഡ് ബാങ്ക് സ്കീം സെമിനാർ കോളേജിൽ നടത്തി. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കൊമേഴ്സ് വിഭാഗം മേധാവി ഡോ. തോമസ് പോൾ കാട്ടൂക്കാരൻ അദ്ധ്യക്ഷനായി. വി. ജയരാജ് മുഖ്യപ്രഭാഷണം നടത്തി. ഹാർലിൻ ഫ്രാൻസിസ് വിഷയാവതരണം നടത്തി. ഡോ. ബിജു ജോൺ, പ്രൊഫ. സൗമ്യരാജൻ എന്നിവർ പ്രസംഗിച്ചു.

## മുൻ മാനേജർ മാർ റാഫേൽ തട്ടിലിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു

ജനുവരി ഏഴാം തീയതി ഷംഷാബാദിൽ വച്ചുനടന്ന മുൻ മാനേജർ മാർ റാഫേൽ തട്ടിലിന്റെ സ്ഥാനരോഹണ ചടങ്ങിലും ഷംഷാബാദ് രൂപതയുടെ സ്ഥാപനചടങ്ങിലും കോളേജിനെ പ്രതിനിധീകരിച്ച് വൈസ് പ്രിൻസിപ്പാൾമാരായ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. ഇഗ്നേഷ്യസ് ആന്റണി, ഡോ. തോമസ് പോൾ കാട്ടൂക്കാരൻ എന്നിവരുടെ നേതൃത്വത്തിൽ 10 അംഗ ടീം പങ്കെടുത്തു.

## എൻ.സി.സി യൂണിറ്റിന് ചരിത്രനേട്ടം

ജനുവരി 26ന് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽവച്ച് നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ കേരള–ലക്ഷദ്വീപ് ടീമിനെ പ്രതിനിധീകരിച്ച് സെന്റ് തോമസ് കോളേജിലെ രണ്ടാംവർഷ ഫിസിക്സ് ബിരുദ വിദ്യാർത്ഥിയായ അക്ഷയ് ശങ്കർ പങ്കെടുക്കുന്നു. കോളേജിലെ എൻ.സി.സി. യൂണിറ്റിന് ഇത് അഭിമാനകരമായ മുഹൂർത്തമാണ്.

## എക്സോഡസ് 2018

കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ എക്സോഡസ് 2018 നാഷണൽ ടെക്നോ കൾച്ചറൽ ഫെസ്റ്റ് സംഘടിപ്പിച്ചു. കമ്പ്യൂട്ടർ അധിഷ്ഠിതമായ മത്സരങ്ങളും വിവിധ സാംസ്കാരിക മത്സരങ്ങളും രണ്ടു ദിവസങ്ങളിലായി കോളേജ് ഓഡിറ്റോറിയത്തിൽ നടത്തി. മുപ്പതോളം കോളേജുകളിൽനിന്ന് മത്സരാർത്ഥികൾ പങ്കെടുത്തു. സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി ഗ്രാമി അവാർഡ് ജേതാവായ മാനോജ് ജോർജ്ജ് പങ്കെടുത്തു. റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, പ്രൊഫ. ബിന്ധ്യ കെ. ഫ്രാൻസിസ്, പ്രൊഫ. ജെസ്മിൻ സാജു എന്നിവർ പ്രസംഗിച്ചു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.




# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

1. **ഓർമ്മിക്കാൻ**

| | |
|---|---|
| ഫെബ്രുവരി 2 (വെള്ളി) | – ആദ്യവെള്ളി, വി. കുർബാന |
| ഫെബ്രുവരി 4 (ഞായർ) | – ലോക കാൻസർദിനം |
| ഫെബ്രുവരി 11 (ഞായർ) | – ലൂർദ്ദ് മാതാവ് (രോഗീദിനം) |
| ഫെബ്രുവരി 13 (ചൊവ്വ) | – റേഡിയോ ദിനം |
| ഫെബ്രുവരി 21 (ബുധൻ) | – മാതൃഭാഷ ദിനം |
| ഫെബ്രുവരി 28 (ബുധൻ) | – ശാസ്ത്രദിനം |

**2. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിയ്ക്കാറായി. വിദ്യാർത്ഥി–വിദ്യാർത്ഥിനികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാദർ ആന്റണി ചെമ്പകശ്ശേരി,**
കാർപറേറ്റ് മാനേജർ.

# സാന്ത്വനം

**ആശാകിരണം സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തി.**

കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി, സാന്ത്വനം ആശാകിരണം സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിക്കുകയുണ്ടായി. അരിമ്പൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട്, തോപ്പ് സ്റ്റേഡിയം എന്നിവിടങ്ങളിൽ 2 പൂളുകളിലായി നടന്ന ടൂർണ്ണമെന്റിൽ 52 ഇടവകകൾ പങ്കെടുത്തു. വ്യായാമം ശീലമാക്കൂ, കാൻസറിനെ അകറ്റൂ, Play & Fight against Cancer എന്നീ മുദ്രാവാക്യങ്ങൾ മുറുകെപ്പിടിച്ച് ആരംഭിച്ച ടൂർണ്ണമെന്റ് അതിരൂപത വികാരിജനറാൾ മോൺ. തോമസ് കാക്കശ്ശേരി പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുകയും ഒളിമ്പ്യൻ ലിജോ ഡേവിസ് തോട്ടാൻ ആദ്യ കിക്കോഫ് നടത്തുകയും ചെയ്തു. 52 ടീമുകളിലായി 624 കളിക്കാർ, കാൻസറിനെതിരായ പോരാട്ടത്തിൽ കളിച്ചുകൊണ്ട് പങ്കുചേർന്നു. മത്സരത്തിൽ ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ടീം ഒന്നാം സമ്മാനവും (25000 രൂപയും ട്രോഫിയും) മറ്റം സെന്റ് തോമസ് ഫൊറോന ടീം രണ്ടാം സമ്മാനവും(15000രൂപയും ട്രോഫിയും) വെണ്ടോർ സെന്റ് മേരീസ് പള്ളി ടീം

മൂന്നാം സമ്മാനവും (10000രൂപയും ട്രോഫിയും) കരസ്ഥമാക്കി.

ടൂർണ്ണമെന്റിനോടനുബന്ധിച്ച് നടന്ന സമാപനസമ്മേളനം അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കാരിത്താസ് ഇന്ത്യ അസോ. ഡയറക്ടർ റവ.ഫാ. പോൾ മൂഞ്ഞേലി, കാരിത്താസ് ഇന്ത്യ നാചുറൽ റിസോഴ്സ് മാനേജ്മെന്റ് ഹെഡ് ഡോ. വി.ആർ ഹരിദാസ്, കാരിത്താസ് ഇന്ത്യ പ്രോഗ്രാം ഓഫീസർമാരായ ശ്രീ.അബീഷ് ആന്റണി, ശ്രീ.അമൽ സെബാസ്റ്റ്യൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ടൂർണ്ണമെന്റ് നടത്താൻ നേതൃത്വം നല്കിയ ശ്രീ. ഡെന്നി മാസ്റ്റർ, ശ്രീ. ആൽഫ്രഡ് ഡേവീസ്, ശ്രീ. ജോബി മൈക്കിൾ, ശ്രീ. സി. പി. ജോർജ്ജ്, ശ്രീ. മേന്റോ ആന്റണി, ശ്രീ.റൊമാൾഡ് ആന്റണി, ശ്രീ. ബി.എം. ജോൺ, ശ്രീ. എ.എ.ആന്റണി തുടങ്ങിയവർക്കും സഹകരിച്ച എല്ലാവർക്കും നന്ദിയും അനുമോദനങ്ങളും സാന്ത്വനം ഡയറക്ടർ അറിയിച്ചു. മേച്ച് ഒഫീഷ്യൽസിന് Momento നല്കി ആദരിക്കുകയും ചെയ്തു.

ടൂർണ്ണമെന്റ് വൻവിജയമാക്കാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് ഓരോ ഇടവകയിലേയും വികാരിയച്ചന്മാർ, സാമൂഹ്യക്ഷേമസമിതിയംഗങ്ങൾ, ഫുട്ബോൾ മാനേജ്മെന്റ് എന്നിവർക്ക് സാന്ത്വനം ആശാകിരണത്തിന്റെ പേരിൽ നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കുന്നു.

**സമ്മാനർഹരായി**

ആശാകിരണം പദ്ധതിയുടെ ധനശേഖരണാർത്ഥം പുറത്തിറക്കിയ കാൻസർ സഹായനിധി കൂപ്പണിന്റെ നറുക്കെടുപ്പ് അതിരൂപതാ വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി സാന്ത്വനം ഓഫീസിൽ വെച്ച് നടത്തി. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, സോഷ്യൽ ആക്ഷൻ വൈസ് പ്രസിഡണ്ട് ശ്രീ. സി.കെ പോൾ, ആശാകിരണം കൺവീനർ ശ്രീ. എ.എ.ആന്റണി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ച പരിപാടിയിൽ ആശാകിരണം കോർ ടീമംഗങ്ങൾ, സാന്ത്വനം സ്റ്റാഫംഗങ്ങൾ, ബഹു. സിസ്റ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. റവ. സി. ഹെലെൻ റോസ്-അയ്യന്തോൾ, ശ്രീ. ഷാന്റോ, ശ്രീ.ബിജു ബി.എം എച്ച്. സ്കൂൾ, കൽപറമ്പ് എന്നിവരാണ് യഥാക്രമം 1-ാം സമ്മാനമായ ഗ്ലാമർ ബൈക്ക്, 2-ാം സമ്മാനമായ മേസ്ട്രോ സ്കൂട്ടർ, 3-ാം സമ്മാനമായ വാഷിംഗ് മെഷീൻ എന്നീ സമ്മാനങ്ങൾക്ക് അർഹരായത്.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലിയിലെ അംഗങ്ങളായ കുടുംബങ്ങൾ, അവരെ സഹായിക്കുന്ന ഉപകാരികൾക്ക് ക്രിസ്തുമസ്സ് കത്തുകൾ അയച്ചു. ഗോഡ്സ് ഓൺ ഫാമിലി പദ്ധതിപ്രകാരം സഹായങ്ങൾ ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| കല്ലൂർ- | Rs.15,000/- | പറപ്പൂർ- | Rs.10,000/- |
| ചിറ്റിശ്ശേരി- | Rs.15,000/- | കോടന്നൂർ- | Rs.15,000/- |
| നടത്തറ- | Rs.20,000/- | അരണാട്ടുകര- | Rs.10,000/- |
| വില്ലടം- | Rs.8,000/- | കിരാലൂർ- | Rs.10,000/- |
| കൂനംമൂച്ചി- | Rs.15,000/- | വിയ്യൂർ - | Rs.20,000/- |
| ചേലക്കര- | Rs.50,000/- | അരിമ്പൂർ- | Rs.12,000/- |
| ചുവന്നമണ്ണ്- | Rs.3,000/- | പൊന്നൂക്കര- | Rs.5,000/- |
| അയ്യന്തോൾ- | Rs.3,000/- | | |

**സ്ട്രെസ് മാനേജ്മെന്റ് സെമിനാർ നടത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം/ഗോഡ്സ് ഓൺ ഫാമിലി ഗുണഭോക്തൃകുടുംബങ്ങളുടെ റീജിനൽ ലെവൽ മീറ്റിംഗിന്റെ ഭാഗമായി സ്ട്രെസ് മാനേജ്മെന്റ് സെമിനാർ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടത്തുകയുണ്ടായി. 300 കുടുംബങ്ങൾ പങ്കെടുത്ത ഈ മീറ്റിംഗിൽ Stress Management എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. സിജോൺ കുഴിക്കാട്ടുമാലിൽ ക്ലാസ്സെടുത്തു. കുടുംബജീവിതത്തിലെ പ്രശ്നങ്ങളെയും ബുദ്ധിമുട്ടുകളെയും ആത്മസംയമനത്തോടെ എങ്ങനെ നേരിടാം എന്ന് ക്ലാസ്സിൽ വ്യക്തമാക്കി. ഏവരെയും ഉന്മേഷഭരിതരായി നിലനിർത്തുവാൻ, ക്ലാസ്സിനിടയിൽ ചെറിയ ചെറിയ വ്യായാമങ്ങൾ പരിശീലിപ്പിച്ചു. സംസാരത്തിന്റെ നിയന്ത്രണത്തിലൂടെ എങ്ങനെ മാനസിക സംഘർഷങ്ങൾ കുറയ്ക്കാം എന്നതിനെക്കുറിച്ച് അച്ചൻ വളരെ ലളിതമായി സംസാരിച്ചു. നിത്യജീവിതത്തിലേക്ക് വളരെ ഉപകാരപ്രദമായ ഈ ക്ലാസ്സിൽ എല്ലാവരും സജീവമായി പങ്കെടുത്തു. കോ-ഓർഡിനേറ്ററുടെ നന്ദിയോടെ യോഗം സമാപിച്ചു.

**സംരംഭവികസന പരിപാടി നടത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ പുതിയ കുടുംബങ്ങൾക്കു വേണ്ടിയുള്ള EDP ട്രെയിനിംഗ് ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് നടത്തുകയുണ്ടായി. ഗ്രാമീണ സ്വയം തൊഴിൽ പരിശീലനകേന്ദ്രത്തിലെ പരിശീലകൻ ശ്രീ. രാജേന്ദ്രപ്രസാദ് പലവിധ തൊഴിലുകളെക്കുറിച്ച് വിശദമായ ക്ലാസ്സ് നടത്തുകയും മാർക്കറ്റിങ്ങിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഓരോരുത്തരുടെയും കഴിവുകൾക്കും

കുടുംബസാഹചര്യങ്ങൾക്കുമനുസരിച്ചാകണം തൊഴിലുകൾ തെരഞ്ഞെടുക്കേണ്ടതെന്ന് അദ്ദേഹം പ്രത്യേകം ഓർമ്മിപ്പിച്ചു. 60 കുടുംബങ്ങൾ താല്പര്യത്തോടെ പങ്കെടുത്ത പരിപാടി കോ-ഓർഡിനേറ്ററുടെ നന്ദിയോടെ സമാപിച്ചു.

**ഉപകാരികൾക്കുള്ള കത്തുകൾ അയച്ചു.**

ഗുണഭോക്തൃ കുടുംബങ്ങൾ തങ്ങളുടെ ഉപകാരികൾക്കയക്കാറുള്ള ക്രിസ്തുമസ്സ് കത്തുകൾ ഈ തവണയും പതിവുപോലെ അയക്കുകയുണ്ടായി. 130 കുടുംബങ്ങളാണ് അവരുടെ കാനഡയിലെ ഉപകാരികൾക്ക് കത്തുകൾ അയച്ചത്.

**പുതിയ കുടംബങ്ങളെ കണ്ടെത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുബങ്ങളെ തെരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഢപ്രകാരമാണ് നെന്മണിക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്. കോ-ഓർഡിനേറ്റർ, ആനിമേറ്റർ, ആശ പ്രവർത്തകർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങൾ വീടുകൾ കണ്ടെത്തുന്നതിന് നേതൃത്വം നൽകി.

**FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

വില്ലടം-Rs.2,000/-, മുല്ലക്കര-Rs.29,000/-, നെല്ലിക്കുന്ന്-Rs.20,000/-, ചേറൂർ-Rs.13,000/-, എരവിമംഗലം-Rs.15,000/-, തിരൂർ-Rs.9,500/-, പള്ളിക്കുന്ന്-Rs.13,950/-.

**സ്നേഹനിധി അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷം നടത്തി.**

സ്നേഹനിധി അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷം ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടത്തുകയുണ്ടായി. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫാ. തോമസ് പൂപ്പാടി ക്രിസ്തുമസ് സന്ദേശം നല്കി. തുടർന്ന് യൂണിറ്റംഗങ്ങളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ഇതുവരെ 139 അംഗങ്ങൾക്കായി 7,40,000 /-രൂപ സഹായധനം നല്കി. 87 പേർക്ക് വിവാഹ സഹായവും 43 പേർക്ക് ചികിത്സാ സഹായവും 9 പേർക്ക് മരണാനന്തരസഹായവുമാണ് നൽകിയത്.

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

**ഫാ. തോമസ്പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

### നേതൃത്വപരിശീലന ക്യാമ്പ്

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും ഫൊറോന –ഇടവക ഭാരവാഹികൾക്കുമായി തൃശ്ശൂർ ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 16 ശനിയാഴ്ച്ച ഏകദിന നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. 60 പേരോളം പങ്കെടുത്ത ഭാരവാഹികളുടെ ക്യാമ്പിന് ജ്യോതി എഞ്ചിനീയറിങ്ങ് കോളേജ് അസി. മാനേജർ ഫാ.റോയ് ജോസഫ്, നാഷണൽ ട്രയിനർ ശ്രീ വർഗ്ഗീസ് പോൾ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും ക്യാമ്പിന്റെ വിജയത്തിനും പ്രസ്തുത ചടങ്ങിൽ വച്ച് തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് ആശംസകൾ നേർന്നുകൊണ്ട് അനുഗ്രഹ പ്രഭാഷണം നടത്തി.

### ചർച്ചാപഠനപരിശീലന ക്യാമ്പ്

ജനുവരി മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. മാർച്ച് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഫെബ്രുവരി 24–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടു പേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

### നാമഹേതുക തിരുനാൾ ആശംസിച്ചു

ഡിസംബർ 13 ബുധനാഴ്ച്ച നാമഹേതുക തിരുനാൾ ആഘോഷിച്ച തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാ

വിന് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അച്ചന്റെയും ഭാരവാഹികളുടെയും പ്രാർത്ഥനാ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

| | |
|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **ഫാ. അൽജോ കരേരക്കാട്ടിൽ** |
| ഡയറക്ടർ | അസി.ഡയറക്ടർ |
| **എ.എ. ആന്റണി** | **പോൾ പാറക്കൽ** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി |

## മാതൃവേദി

### റെക്കോഡുകളോടെ മെഗാ മാർഗ്ഗംകളി

മാതൃവേദി അതിരൂപതയിൽ സ്ഥാപിതമായതിന്റെ വജ്രജൂബിലി യുടെ സമാപനത്തോടനുബന്ധിച്ച് അതിരൂപതയിലെ മാതൃവേദി മെഗാ മാർഗ്ഗംകളി ലൂർദ്ദ് കത്തീഡ്രൽ അങ്കണത്തിൽ വച്ച് നടത്തുകയുണ്ടായി. ഏകദേശം 1200 ഓളം അമ്മമാർ കളിച്ച മെഗാ മാർഗ്ഗംകളി അതിരൂപതയുടെ ചരിത്രത്തിൽ തിലകകുറി ചാർത്തി. ഈ മെഗാ മാർഗ്ഗംകളിക്ക് ബെസ്റ്റ് ഓഫ് ഇന്ത്യ റൊക്കോഡും യൂണിവേഴ്സൽ റെക്കോഡു ഫോറം എന്നീ രണ്ട് റെക്കോഡുകൾ കരസ്ഥമാക്കുകയുണ്ടായി. ഈ മെഗാ മാർഗ്ഗംകളിക്ക് എല്ലാ പ്രോത്സാഹനവും പിന്തുണയും നൽകിയ അഭിവന്ദ്യ പിതാക്കന്മാർക്കും അമ്മമാരെ ഒരുക്കിവിട്ട എല്ലാ വികാരിയച്ചന്മാർക്കും ബഹുമാനപ്പെട്ട വർഗ്ഗീസ് കൂത്തൂരച്ചനും പങ്കെടുത്ത എല്ലാ അമ്മമാർക്കും നേതൃത്വം കൊടുത്ത ഇടവക, ഫൊറോന, അതിരൂപത ഭാരവാഹികൾക്കും ഒത്തിരി നന്ദി.

### ജനറൽബോഡി മീറ്റിങ്ങ്
### ഫെബ്രുവരി 15 വ്യാഴം (9.30 മുതൽ 12.30 വരെ)

അതിരൂപതയിലെ മാതൃവേദിയുടെ ജനറൽബോഡി യോഗം ഫെബ്രുവരി15 വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. അതിരൂപത ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ, ഇടവക പ്രസിഡണ്ടുമാർ അല്ലെങ്കിൽ ഇടവകയിൽ നിന്നുള്ള ഏതെങ്കിലും ഒരു ഭാരവാഹി നിർബന്ധമായും ജനറൽ ബോഡിയിൽ പങ്കെടുക്കേണ്ടതാണ്. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

| | |
|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **ഫാ. അൽജോ കരേരക്കാട്ടിൽ** |
| ഡയറക്ടർ | അസി.ഡയറക്ടർ |
| **ശ്രീമതി. ബീന ജോഷി** | **ശ്രീമതി. ജൂലി ബാബു** |
| പ്രസിഡണ്ട | സെക്രട്ടറി |

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

### തിരുമണിക്കൂർ ആരാധന

**ഫെബ്രുവരി 5 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

| | |
|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **ജെയിംസ് ആഴ്ചങ്ങാടൻ** |
| ഡയറക്ടർ | പ്രസിഡന്റ് |

## കൗൺസിൽ ഓഫ് കാത്തലിക് വിമൻ ഓഫ് ഇന്ത്യ

### പുതിയ ഭാരവാഹികൾ

കൗൺസിൽ ഓഫ് കാത്തലിക് വിമൻ ഓഫ് ഇന്ത്യയുടെ, തൃശ്ശൂർ രൂപതയുടെ 2018–20 ലെ ഭാരവാഹികളായി നിർമ്മല കള്ളിയത്ത് – പ്രസിഡണ്ട്, ക്ലാരിസ്സ് ഫ്രാൻസീസ് – സെക്രട്ടറി, പ്രിയ ചാക്കോള – ട്രഷറർ എന്നിവരെ തിരഞ്ഞെടുത്തു.

### ഓഖി ദുരിതാശ്വാസം

വാടാനപ്പിള്ളി പഞ്ചായത്തിൽ ഗണേശമംഗലത്ത് ഓഖി ചുഴലിക്കാറ്റിന്റെ ദുരിതമനുഭവിക്കുന്ന കടപ്പുറത്തെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായവും, ധാന്യങ്ങളും, വസ്ത്രങ്ങളുമായി CCWI തൃശ്ശൂർ യൂണിറ്റ് അംഗങ്ങൾ എത്തി.

തദവസരത്തിൽ മിസ്സിസ് ഷക്കീല ഉസ്മാൻ–വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് മെമ്പർ സി.ബി സുനിൽ കുമാർ, തൃശ്ശൂർ അതിരൂപത റിസോഴ്സ് പേഴ്സൻ ഫ്രാൻസീസ് നെല്ലിശ്ശേരി എന്നിവർ സന്നിഹിതരായിരുന്നു.

| | |
|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **ശ്രീമതി നിർമ്മല കള്ളിയത്ത്** |
| ഡയറക്ടർ | പ്രസിഡന്റ് |



# ബൈബിൾ അപ്പസ്തോലേറ്റ്

**വെരിത്താസ് ക്വിസ് 2018**

അതിരൂപത ബൈബിൾ അപ്പസ്തോലേറ്റ് അണിയിച്ചൊരുക്കിയ വെരിത്താസ് ക്വിസിന് വിശ്വാസികൾ നൽകിയ ആവേശോജ്ജ്വലമായ സ്വീകരണം നന്ദിയോടെ ഓർക്കുന്നു. 2–ാമത് വെരിത്താസ് ക്വിസിന് ബഹു. വൈദീകരുടെയും, സമർപ്പിതരുടെയും കോർഡിനേറ്റേഴ്സിന്റെയും, ആനിമേറ്റേഴ്സിന്റെയും മതാദ്ധ്യാപകരുടെയും, സന്മനസ്സുകളുടെയും എല്ലാ വചനസ്നേഹികളുടെയും ദൈവജനം മുഴുവന്റെയും സമ്പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു...

**I.** **പ്രായവിഭാഗം**

A വിഭാഗം: 1–1–2007 നുശേഷം ജനിച്ചവർ

B വിഭാഗം: 1–1–2002 നും 31–12–2006 നും ഇടയിൽ ജനിച്ചവർ

C വിഭാഗം: 1–1–1987 നും 31–12–2001 നും ഇടയിൽ ജനിച്ചവർ

D വിഭാഗം: 1–1–1967 നും 31–12–1986 നും ഇടയിൽ ജനിച്ചവർ

E വിഭാഗം: 1–1–1954 നും 31–12–1966 നും ഇടയിൽ ജനിച്ചവർ

F വിഭാഗം: 31–12–1953ന് മുമ്പ് ജനിച്ചവർ

**II.** **വിഷയം**

1. നിയമാവർത്തനം 1–11
2. പ്രഭാഷകൻ 1–10
3. മത്തായി 10–18
4. വെളിപാട് 10–16

**ഉപയോഗിക്കേണ്ട ബൈബിൾ**

മലയാളം: POC ബൈബിൾ

ഇംഗ്ലീഷ്: NRSV ബൈബിൾ

**III.** **പരീക്ഷാഫീസ് 10 രൂപ ഒരു പരീക്ഷാർത്ഥിക്ക്**

**IV.** **രജിസ്ട്രേഷൻ**

2018 മെയ് 25 മുതൽ ആഗസ്റ്റ് 15 വരെ

**V.** **പരീക്ഷാതിയ്യതികൾ**

ഇടവകതലം : 2018 സെപ്റ്റംബർ 16 (2 pm - 3.30 pm)
അതിരൂപതാതലം : 2018 നവംബർ 04 (2 pm)
ഗ്രാന്റ് ഫിനാലെ : 2018 നവംബർ 25 (2 pm)

*വെരിത്താസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം*
*ഇടവക-ഫൊറോന-അതിരൂപതാതല വിജയികൾക്ക്*
*ആകർഷകമായ സമ്മാനങ്ങൾ*

**VI.** **ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ**

പങ്കെടുക്കുന്നവരെല്ലാവരും വെരിത്താസ് ക്വിസിന്റെ ഇടവകതല മത്സരത്തിന് പേർ രജിസ്റ്റർ ചെയ്തവരായിരിക്കണം.

1. **യൂത്ത് വെരിത്താസ് ക്വിസ്:** 2018 ആഗസ്റ്റ് 15ന്

   മത്സരാർത്ഥികൾ 18നും 30നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങളായിരിക്കണം. ഒരു ടീമിൽ 3 അംഗങ്ങൾ

2. **ഫാമിലി വെരിത്താസ് ക്വിസ്:** 2018 ആഗസ്റ്റ് 12ന്

   ഒരു ടീമിൽ 3 അംഗങ്ങൾ ഒരു ഇടവകയിൽ നിന്ന് പങ്കെടുക്കാവുന്ന കുടുംബങ്ങളുടെ എണ്ണത്തിന് പരിധിയില്ല.

3. **ടീച്ചേഴ്സ് വെരിത്താസ് ക്വിസ്:** 2018 ആഗസ്റ്റ് 19ന്

   അതിരൂപതയിലെ മതബോധന അദ്ധ്യാപകരാണ് പങ്കെടുക്കേണ്ടത്. ഒരു ടീമിൽ 3 അംഗങ്ങൾ.

4. **സമർപ്പിത വെരിത്താസ് ക്വിസ്:** 2018 ആഗസ്റ്റ് 26ന്

   അതിരൂപതയിലെ വൈദീകർ, സമർപ്പിതർ, വൈദീക സന്യാസ വിദ്യാർത്ഥികൾ എന്നിവർക്ക് പങ്കെടുക്കാം. ഒരു ടീമിൽ 3 അംഗങ്ങൾ.

5. **വചനമെഴുത്ത് മത്സരം:** 2018 സെപ്റ്റംബർ 2ന്

   വെരിത്താസ് ക്വിസിന്റെ പ്രായവിഭാഗത്തിനനുസരിച്ചായിരിക്കും മത്സരം. വെരിത്താസ് ക്വിസ്സിന്റെ പഠനഭാഗത്തുനിന്നുള്ള വചനങ്ങളാണ് മത്സരത്തി നായി പഠിക്കേണ്ടത്.

6. **കാറ്റക്കിസം വെരിത്താസ് ക്വിസ്:** 2018 സെപ്റ്റംബർ 09ന്

   അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളാണ് പങ്കെടുക്കേണ്ടത്. ഒരു ടീമിൽ 3 അംഗങ്ങൾ.

**ബൈബിൾ കോഴ്സ്**

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2018 മെയ് 1നും ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനം 2018 ഏപ്രിൽ 3, 17; മെയ് 2, 9, 19; ആഗസ്റ്റ് 19; സെപ്റ്റംബർ 16; ഒക്ടോബർ 12; നവംബർ 2 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഫോൺ: 0487–2320780, 7558937090, 8921266465

**ബൈബിൾ കലണ്ടർ**

അനുദിന ബൈബിൾ പാരായണത്തെ സഹായിക്കുന്ന ലിറ്റർജിക്കൽ കലണ്ടറിന്റെ ഇടവകകളിലേയ്ക്കും സ്ഥാപനങ്ങളിലേക്കുമുള്ള കോപ്പികൾ ഫെബ്രുവരി 10ന് മുമ്പായി ബൈബിൾ അപ്പസ്തൊലേറ്റിൽ നിന്നും കൊണ്ടു പോകേണ്ടതാണ്. ഓരോ ഭവനത്തിലും കലണ്ടർ എത്തിയ്ക്കാൻ സഹകരിക്കുന്ന വികാരിയച്ചന്മാർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും ബൈബിൾ ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**




# എക്സൽ അക്കാദമി

### എക്സൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

തൃശൂർ അതിരൂപതയിലെ വിദ്യാർത്ഥികൾക്കായി എക്സൽ അക്കാദമി, ഇടവകതലത്തിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ്, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തുന്നു. ആറാം ക്ലാസ്സു മുതൽ ACC വരെയുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. 2018 ഫെബ്രുവരി 13 ന് മെഡിക്കൽ, എഞ്ചിനീയറിംഗ് അഭിരുചി പരീക്ഷ 2 മുതൽ 3 വരെയും സിവിൽ സർവ്വീസ് അഭിരുചി പരീക്ഷ 3 മുതൽ 4 വരെയുമാണ്. നിലവിൽ എക്സൽ അക്കാദമിയിൽ പ്രവേശനം ലഭിച്ച കുട്ടികൾ ഈ പരീക്ഷ എഴുതേണ്ടതില്ല. ആപ്റ്റിറ്റ്യൂഡ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ഫെബ്രുവരി 8. അതാത് ഇടവകകളിലെ മതബോധനക്ലാസ്സുകളിൽ വെച്ചായിരിക്കും പരീക്ഷ. ഇടവകമതബോധന ഹെഡ്മാസ്റ്ററുടെ പക്കൽ പേര് നൽകേണ്ടതാണ്. മാർച്ച് 18 ന് ഫലം പ്രഖ്യാപിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ :- 9496529452, 9846905210, 0487-2351333

### K-TET കോച്ചിങ്ങ്

അദ്ധ്യാപകർക്കുള്ള K-TET കോച്ചിങ്ങ് ക്ലാസ്സുകൾ ഫെബ്രുവരി 17 രാവിലെ 9.30 ന് എക്സൽ അക്കാദമിയിൽ (DBCLC) ആരംഭിക്കുന്നു. ശനി, ഞായർ ദിവസങ്ങളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എക്സൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ : - 8111842784, 0487-2322520

### സൗജന്യ PSC/ BANK സെമിനാർ

ഫെബ്രുവരി മാസം മുതൽ ഇടവകതലത്തിൽ എക്സൽ അക്കാദമി PSC സെമിനാർ സംഘടിപ്പിക്കുന്നു. ഞായറാഴ്ചകളിൽ ഉച്ച കഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയാണ് സെമിനാർ ഉദ്ദേശിക്കുന്നത്. സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്ന ഇടവകകൾ എക്സൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. 18-35 വയസ്സുവരെയുള്ള യുവതിയുവാക്ക

ളെയാണ് കോച്ചിങ്ങിന് ഉദ്ദേശിക്കുന്നത്. കുറഞ്ഞത് 30 പേരെങ്കിലും ഓരോ സെമിനാറിലും പ്രതീക്ഷിക്കുന്നുണ്ട്. ഇതോടൊപ്പം തന്നെ സൗജന്യ പി. എസ്.സി. പരീക്ഷ സെമിനാറിൽ പങ്കെടുക്കുന്നവർക്ക് നടത്തുന്നു. അതിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് എക്സൽ അക്കാദമി സൗജന്യ PSC പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ :-9495278764, 0487-2322520

**റസിഡെൻഷ്യൽ ക്യാമ്പ്**

ഏപ്രിൽ 4, 5, 6, തിയതികളിൽ DBCLC ക്യാമ്പസ്സിൽ വെച്ച് മൂന്ന് ദിവസത്തെ റസിഡെൻഷ്യൻ ക്യാമ്പ് നടത്തുന്നു. 7, 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ക്യാമ്പ് ഉദ്ദേശിക്കുന്നത്.ഇംഗ്ലീഷ്, മെന്റൽ എബിലിറ്റി, ലീഡർഷിപ്പ്, പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് മുതലായ വിഷയങ്ങളാണ് ക്ലാസ്സുകളിൽ ഉണ്ടാകുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 കുട്ടികൾക്ക് പ്രവേശനം ലഭിക്കും. താമസം, ഭക്ഷണം ഉൾപ്പടെ മൂന്ന് ദിവസത്തേക്ക് ഫീസ് Rs.550/-

രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ :-9495106870, 0487-2322520

ഫാ. ഡേവീസ് തെക്കേകര
ഡയറക്ടർ



## സി.എൽ.സി.

**തൃശ്ശൂർ അതിരൂപത സീനിയർ സി.എൽ.സി.ക്ക് പുതിയ ഭാരവാഹികൾ**

അതിരൂപത സീനിയർ സി.എൽ.സി.യുടെ 2018-2020 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | : ബാബു അതിയുന്തൻ (മുക്കാട്ടുകര) |
| സെക്രട്ടറി | : അലക്സ് സി.എ. (പറപ്പൂർ) |
| ട്രഷറർ | : ജോസ് ചാണിയിൽ (നടത്തറ) |

വൈസ് പ്രസിഡന്റ് : 1. ബേബി മൂക്കൻ (ലൂർദ്ദ്)
2. ലീമ ആന്റണി (ചിറ്റിലപ്പിള്ളി)
ജോയിന്റ് സെക്രട്ടറി : 1. ഷാജു.സി.എ. (പേരാമംഗലം)
2. വിജി ഷാജി (തലോർ)
ജനറൽ കോർഡിനേറ്റർ : ജെറോം എം.പി. (പാവറട്ടി)

അതിരൂപത സി.എൽ.സി.യുടെ വാർഷിക കൺവെൻഷനും ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങും ആർച്ച് ബിഷപ്പ് മാർ.ആൻഡ്രൂസ് താഴത്ത് പിതാവ് 2017 ഡിസംബർ 31ന് DBCLC യിൽ വെച്ച് ഉദ്ഘാടനം ചെയ്തു. സി.എൽ.സി. സംസ്ഥാന പ്രമോട്ടർ ഫാ.ജിയോ തെക്കിനിയത്ത്, നാഷണൽ സി.എൽ.സി. എസ്കോ മെമ്പർ ഫാ.ഫ്രജോ വാഴപ്പിള്ളി എന്നിവർ നേതൃത്വം നൽകി. അതിരൂപത വികാരി ജനറാൾ മോൺ. ഫാ.ജോർജ്ജ് കോമ്പാറ, നാഷണൽ സി.എൽ.സി. കൺസൾട്ടന്റ് ശ്രീ.വിനേഷ് ജെ കൊളേങ്ങാടൻ, ബാബു അതിയുന്തൻ, അലക്സ് സി.എ. തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. പ്രസ്തുത ചടങ്ങിൽ വാർഷിക പദ്ധതി പ്രകാശനം ചെയ്തു.

**തൃശ്ശൂർ അതിരൂപത C.L.C വാർഷിക കൺവെൻഷനും ഭാര വാഹികളുടെ സ്ഥാനാരോഹണവും കാരിത്ത സമാപനവും**

2017 ഡിസംബർ 31 ഞായറാഴ്ച DBCLCയിൽ വച്ച് നടന്ന അതിരൂപത C.L.Cവാർഷിക കൺവെൻഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത C.L.C പ്രസിഡന്റ് ശ്രീ. ബിജിൽ സി ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ C.L.C സംസ്ഥാന പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, നാഷണൽ C.L.C എസ്കോ മെമ്പർ ഫാ. ഫ്രജോ വാഴപ്പിള്ളി, നാഷണൽ C.L.C കൺസൾട്ടന്റ് ശ്രീ.വിനേഷ് ജെ കോളേങ്ങാടൻ, സംസ്ഥാന C.L.C വൈസ്പ്രസിഡന്റ് ഡിൽജോ തരകൻ, അതിരൂപത C.L.C സെക്രട്ടറി ശ്രീ. സെബിൻ.സി.കെ എന്നിവർ പ്രസംഗിച്ചു.

മോഡൽ C.L.C യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ട, കൂനംമുച്ചി, എരനെല്ലൂർ, മണ്ണുത്തി C.L.C യൂണിറ്റുകൾക്കും, ബെസ്റ്റ് ഫൊറോന C.L.C യായി തിരഞ്ഞെടുക്കപ്പെട്ട ഒല്ലൂർ, വേലൂർ ഫൊറോനകൾക്കും, കാരിത്ത സ്പെഷ്യൽ അവാർഡിന് തിരഞ്ഞെടുക്കപ്പെട്ട തൈക്കാട്ടുശ്ശേരി യൂണിറ്റിനും അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകി. 2017 ൽ നടന്ന മരിയോത്സവ വിജയികൾക്ക് അതിരൂപത വികാരി ജനറാൾ റവ. ഫാ. ജോർജ്ജ് കോമ്പാറ സമ്മാന വിതരണം ചെയ്തു. നിയുക്ത അതിരൂപത C.L.C യൂത്ത് സെക്രട്ടറി ശ്രീ. ജെസ്വിൻ സാജു യോഗത്തിനു നന്ദി പറഞ്ഞു.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

**ശ്രീ. ബാബു അതിയുന്തൻ**
പ്രസിഡന്റ്

# യൂത്ത് സി.എൽ.സി

**തൃശ്ശൂർ അതിരൂപത യൂത്ത് സി.എൽ.സിക്ക് പുതിയ ഭരവാഹികൾ**
അതിരൂപത യൂത്ത് സി.എൽ.സിയുടെ 2018–20 വർഷത്തേക്കുള്ള പുതിയ ഭരവാഹികളെ തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | : ജോമി ജോൺസൺ (കൂനംമൂച്ചി) |
| സെക്രട്ടറി | : ജെസ്വിൻ സാജു (മുക്കാട്ടുകര) |
| ട്രഷറർ | : ഐജോ പൊറത്തൂർ (പറപ്പൂർ) |
| ജനറൽ കോർഡിനേറ്റർ | : ബിജിൽ സി ജോസഫ് (പറപ്പൂർ) |
| വൈസ് പ്രസിഡന്റ് | : ഡോംസൺ സൈമൺ (വേലൂർ) |
| | : നിയ തോബിയാസ് (പടവരാട്) |
| ജോയിന്റ് സെക്രട്ടറി | : ജീസോ ലോനപ്പൻ (കൊട്ടേക്കാട്) |
| | : ദീപ്തി ജോസ് (പേരകം) |

മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വച്ചാണ് ഇലക്ഷൻ ക്യാമ്പ് നടന്നത്. ഫാ. ജിയോ തെക്കിനിയത്ത്, ഫാ. ഫ്രജോ വാഴപ്പിള്ളി എന്നിവർ സന്നിഹിതരായിരുന്നു.

**ഫെബ്രുവരി 11 ഞായർ – കാരുണ്യദിനം**
ലൂർദ്ദ് മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച്, അതിരൂപത സി.എൽ.സി വർഷം തോറും നടത്തിവരുന്ന കാരുണ്യദിനം അമല മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ രോഗികൾക്കായി 11–ാം തിയ്യതിമുതൽ ഒരാഴ്ച്ചത്തെ ഭക്ഷണവിതരണം നടത്തുന്നു.

**ഫെബ്രുവരി 12,13 – ലീഡേഴ്സ് മീറ്റ്**
അതിരൂപത, ഫൊറോന ഭാരവാഹികൾക്കായി ലീഡേഴ്സ് മീറ്റ് ക്യാമ്പ് സ്പിരിച്ചൽ ആനിമേഷൻ സെന്റർ, ആമ്പല്ലൂരിൽ വെച്ച് നടത്തുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൺ**
പ്രസിഡന്റ്

ചിൽഡ്രൻസ്
മിനിസ്ട്രി




## അതിരൂപത കലോത്സവം 2017–18

അതിരൂപത കലാമത്സരം 2017 ഡിസംബർ 30 ന് ഡി. ബി. സി. എൽ. സി. യിലും സെന്റ് ക്ലെയേഴ്സ് സ്കൂളിലും വച്ച് നടത്തി. രാവിലെ 8.30 മുതൽ വൈകിട്ട് 4.30 വരെ ഒൻപത് സ്റ്റേജുകളിലായി കലാമൽസരങ്ങൾ നടത്തി. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ ഏവർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകി. കോഡിനേറ്റർ സി. റെജി എസ്.എസ്.പി.സി, ആനിമേറ്റേഴ്സ്, ബ്രദേഴ്സ്, ലീഡേഴ്സ് എന്നിവരുടെ സഹായസഹകരണങ്ങളോടെ മത്സരങ്ങൾ ഭംഗിയായി നടത്തി. പതിനാറു ഫൊറോനകളിൽ നിന്നും 130 ഇടവകകൾ മൽസരത്തിൽ പങ്കെടുത്തു. ഏവർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ പേരിൽ ഒത്തിരി നന്ദി.

## ARCHDIOCESAN COMPETITION - DECEMBER 30th OVER All POINTS 2017-18

### HOLY CHILDHOOD – SUB JUNIOR

**First:** St Mary's Assumption Forane Church, Kottekkad - 48 Points

**Second :** Lourd Metropolitan Cathedral Church, Trichur -25 Point

**Second :** St.Fracis Xavier's Forane Church, Wadakkanchery-25Point

**Third:** St.Thomas Forane Church,Mattom -23 Point

### HOLY CHILDHOOD – JUNIOR

**First:** St.Fracis Xavier's Forane Church,Wadakkanchery-33Point

**Second:** St.Antony's Church,Puthanpeedika-30 Point

**Third:** Arogyamatha Church,Karumathara – 28 Point

**HOLYCHILDHOOD–SENIOR**

**First:** Our Lady of Rosary Church,Eranellur- 50 Point

**Second:** St Joseph's Church, Kuriachira -38 Point

**Third:** Lourde Metropolitan Cathedral Church,Trichur -36 Point

**ALTARBOY'SASSOCIATION**

**First:** St Sebastian's Church,Nellikunnu -58 Point

**Second:** St Joseph's Church,Kuriachira -48 Point

**Third:** Sacred Heart Church, Erumapetty -46 Point

**JUNIORCLC**

**First:** Lourde Metropolitan Cathedral Church, Trichur -50 Point

**Second:** Sacred Heart Church, Erumapetty -40 Point

**Third:** Mount Carmel Church, Kiralur -31 Point

പ്രത്യേക അഭിനന്ദങ്ങൾ

**അതിരൂപതാതല സെയിന്റ്സ് ക്വിസ്സ് 2017**

അതിരൂപതാതല സെയിന്റ്സ് ക്വിസ്സ് ഡി. ബി. സി. എൽ. സി. യിൽ വച്ച് ജനുവരി 13 ന് നടത്തി. അതിരൂപതാ മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തൽ ഉദ്ഘാടനം നിർവ്വഹിച്ചു. തിരുവില്വാമല, ചൊവ്വന്നൂർ, കൊട്ടേക്കാട്, ചിറളയം, പൊന്നാനി, അമലനഗർ, വെള്ളക്കാരിത്തടം, ചാഴൂർ, മണ്ണംപേട്ട, കുരിയച്ചിറ, മാടക്കത്തറ, തങ്ങാലൂർ, തിരൂർ എന്നീ യൂണിറ്റുകൾ മൽസരത്തിൽ പങ്കെടുത്തു. ക്വിസ്സ് മാസ്റ്ററായ റവ. ഫാ. ഡൈജോ പൊറത്തൂർ, വളരെ സാങ്കേതിക രീതിയിൽ written, ഓഡിയോ വിഷ്വൽ form ൽ ക്വിസ്സ് നടത്തി. പങ്കെടുത്ത എല്ലാ ടീമുകൾക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ, കോർഡിനേറ്റർ സി. റെജി എസ്.എസ്.പി.സി, ഫാ. ഡെന്നി ചിറയത്ത്, ഫാ. ജിബിൻ താഴേക്കാടൻ, ഫാ പോൾ മാളിയമ്മാവ്, സി. തെരേസ് ജോൺ, സി. ജെർമ്മയിൻ എല്ലാവരുടേയും സഹായസഹകരണത്തോടെ 2017 – 2018 വർഷത്തെ സെയിന്റ്സ് ക്വിസ്സ് വിജയപ്രദമായി.

**സമ്മാനർഹരായ ടീമുകൾ**

FIRST PRIZE - St Sebastian's Church, Marottichal

SECONDPRIZE - St Francis Xavier's Church, Vadanappilly

THIRDPRIZE - St Antony's Forane Church, Ollur

**കുർബ്ബാനസ്വീകരണം:** ആഘോഷമായ കുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന സെമിനാർ മാർച്ച് 10 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 വരെ ഡി.ബി.സി.എൽ.സിയിൽ വച്ച് നടത്തുന്നു. താത്പര്യമുള്ളവർ ഫെബ്രുവരി 28ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** ഒരു പുതിയ സൃഷ്ടിയാകുക എന്നതാണ് പരമപ്രധാനം (ഗല. :6. 15)

**സുകൃതജപം :** ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ അങ്ങെന്റെ സ്നേഹമായിരിക്കണമേ.

**പ്രാർത്ഥനാ നിയോഗം:** ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ചാൾസ് ബൊറോമിയോ

**പ്രവർത്തനം : കുടുംബപ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുക.**

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
ഡയറക്ടർ



# ജീസസ്സ് യൂത്ത്

ജീസസ് യൂത്ത് ദേശീയ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും നടക്കാറുള്ള കൾച്ചറൽ എക്ച്ചേഞ്ച് പ്രോഗ്രാമിന്റെ ഈ വർഷത്തെ പരിപാടികൾക്ക് സമാപനം കുറിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 300 യുവജനങ്ങൾ കേരളത്തിലെത്തി നമ്മുടെ വിശ്വാസ പൈതൃകത്തെയും, ഇടവകപ്രവർത്തനങ്ങളെയും അനുഭവിച്ചറിഞ്ഞു. ഡിസംബർ 16 ന് ഡിവൈൻ ധ്യാനകേന്ദ്രത്തിലെ ധ്യാനത്തോടെയായിരുന്നു പ്രോഗ്രാം ആരംഭിച്ചത്. 22 ന് ഇവർ കേരളത്തിലെ ജീസസ് യൂത്തിന്റെ വിവിധ സോണുകളിലേക്ക് പോയി. പ്രോഗ്രാമിന്റെ ഭാഗമായി ഡിസംബർ 22 ന് തൃശ്ശൂർ അതിരൂപതിലേയ്ക്ക് മേഘാലയയിൽ നിന്നും 37 യുവതീയുവാക്കാൾ എത്തിച്ചേർന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഈ അതിഥികളെ സ്വീകരിക്കുകയും, തൃശ്ശൂർ അതിരൂപതയുടെ വിശ്വാസ പൈതൃകത്തെക്കുറിച്ച് ആമുഖസന്ദേശം നൽകുകയും ചെയ്തു. ഷംഷാബാദ് രൂപതാ മെത്രാൻ മാർ റാഫേൽ തട്ടിൽ യുവതീയുവാക്കൾക്കൊപ്പം ക്രിസ്മസ് ആഘോഷിക്കുകയും, കേക്ക് മുറിച്ച് വിതരണം ചെയ്ത് ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു.

തുടർന്ന് വിവിധ ഫൊറോനകളിലുള്ള ജീസസ് യൂത്ത് അംഗങ്ങളുടെ ഭവനങ്ങളിൽ അവർ താമസിക്കുകയും, അനുദിന ദിവ്യബലി, മതബോധനം, ഭക്തസംഘടന മീറ്റിംഗുകൾ, തീർത്ഥാടനങ്ങൾ, പ്രാർത്ഥനാകൂട്ടായ്മകൾ എന്നിവയിൽ പങ്കെടുത്ത് പുതിയ അനുഭവം സ്വന്തമാക്കി. ഇടവകയിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിലും, ബോൺനത്താലെ ആഘോഷത്തിലും ഇവർ പങ്കെടുത്തു. പരിപാടിയുടെ സമാപന ആഘോഷങ്ങൾ വരടിയം ഇടവകയിൽ നടന്നു. 28 ന് നടന്ന സമാപനദിനത്തിൽ തൃശ്ശൂർ അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രോഗ്രാമിൽ

പങ്കെടുക്കുന്ന യുവതീയുവാക്കളുമായി സംവദിക്കുകയും, സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ മേഘാലയയിൽ നിന്നുള്ള യുവതീയുവാക്കൾ തൃശ്ശൂരിലെ അനുഭവങ്ങൾ പങ്കുവെക്കുകയും, അവരുടെ പരമ്പരാഗത നൃത്തങ്ങളും, ഗാനങ്ങളും ആലപിക്കുകയും ചെയ്തു. വരടിയം ഇടവക ജനങ്ങളും കൊട്ടേക്കാട് ഫൊറോനയിലെ ജീസസ് യൂത്ത് അംഗങ്ങളും മറ്റു കലാപരിപാടികൾ അവതരിപ്പിച്ചു. തൃശ്ശൂർ അതിരൂപത ജീസസ് യൂത്തിന്റെ ടാലന്റ് മിനിസ്ട്രി നടത്തിയ സംഗീതവിരുന്നും, സ്തുതി ആരാധനയും, സ്നേഹവിരുന്നും പരിപാടികൾക്ക് മാറ്റ് കൂട്ടി. സമാപന പരിപാടികൾക്ക് വരടിയം ഇടവക വികാരി ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ, കൊട്ടേക്കാട് ഫൊറോന ജീസസ് യൂത്ത് കോ–ഓർഡിനേറ്റർ നോബിൻ, മറ്റ് ജീസസ് യൂത്ത് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. ഡിസംബർ 29 ന് രാവിലെ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഫൈനൽ ഗാദറിംങ്ങിനായി ചേർത്തലയിലെ തങ്കിപള്ളിയിലേക്ക് യുവതീയുവാക്കൾ യാത്രയായി. ജീസസ് യൂത്ത് അതിരൂപതാ ഡയറക്ടർ ഫാ.ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ, അസി.ഡയറക്ടർ, ഫാ.ബിനോയ് ചിറ്റിലപ്പിള്ളി, അതിരൂപതാ കോ–ഓർഡിനേറ്റർ ജോസഫ് കെ.ജെ, ജനറൽ കോ– ഓർഡിനേറ്റർ ഫ്രെഡി ജോസ് എന്നിവർ അതിരൂപതയിലെ എട്ടു ദിവസം നീണ്ടുനിന്ന പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ.ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ
**ഫാ.ബിനോയ് ചിറ്റിലപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ



## KCSL തൃശ്ശൂർ അതിരൂപത

**KCSL സംസ്ഥാനകലോത്സവവും വാർഷികവും.**

KCSL സംസ്ഥാന കലോത്സവവും വാർഷികവും കൊല്ലം ട്രിനിറ്റി ലെസിയം സ്കൂളിൽ വെച്ച് നടന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്ന് 150 പ്രതിനിധികൾ പങ്കെടുത്തു.

**സംസ്ഥാന കലോത്സവ വിജയികൾ**

UP Section

1. First Monoact Siza Saj SHCGHSS TS
2. First Speech English Anna Kunjumon Holy Family CGHSS TSR
3. Second Folk Dance Siza Saj SHCGHSS TSR
4. Second Margamkali Sneha Thomas Holy Family CGHSS TSR
5. Second KCSL Anthum Diya MGSHCGHSS TSR

HS Section

1. Second Parichamuttukali Alwin Anto St Joseph HSS Veluppadam

HSS Section

1. First Margamkali Aleena Shaju SHCGHSS TSR
2. First KCSL Anthum Nileena Maria Pulikkottil SHCGHSS TSR
3. First FolkDance Angel Maria Shanoj St Raphael CGHSS Ollur
4. Second Kathaprasangam Sandra ES SHCGHSS TSR
5. Second Monoact Edna Rose Shaju SHCGHSS TSR
6. Manuscript Magazine HSS Section First : SHCGHSS TSR

**ഓഖി ഫണ്ട്**

തൃശ്ശൂർ അതിരൂപത KCSL ഓഖി ദുരിത ബാധിതർക്കുവേണ്ടി ഫണ്ട് ശേഖരിക്കുന്നു. എല്ലാ KCSL അംഗങ്ങളേയും ഇതിൽ പങ്കാളികളാക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുക. ശേഖരിച്ച തുക 2018 ഫെബ്രുവരി 20ന് മുമ്പായി ട്രഷററെ ഏൽപ്പിക്കുക.

## അതിരൂപത നേതൃത്വ പരിശീലനക്യാമ്പ്

തൃശ്ശൂർ അതിരൂപത KCSL നേതൃത്വ പരിശീലനക്യാമ്പ് 2018 മാർച്ച് 10 ശനിയാഴ്ച നടത്തുന്നതാണ്. 2018–19 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി പ്രതിനിധികളെ ഈ ക്യാമ്പിൽവെച്ചാണ് തിരഞ്ഞെടുക്കുന്നത്. വിശദ വിവരങ്ങൾക്ക് ബ്ലോഗ് നോക്കുക.

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി,**
ഡയറക്ടർ



## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. 2018 ഫെബ്രുവരി 25–ാം തീയതി ഞായറഴ്ച്ച കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് അതിരൂപത തലത്തിൽ പ്രാർത്ഥന ഉപവാസ ദിനം ആചരിക്കുന്നു. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും പങ്കെടുക്കേണ്ടതാണ്.
2. വടക്കാഞ്ചേരി ഏരിയ കൗൺസിൽ പ്രസിഡണ്ട് തെരഞ്ഞെടുപ്പിന് സി. സി. നിരീക്ഷകനായി വൈ. പ്രസിഡണ്ട് ബ്ര. കെ. എം. ഫ്രാൻസിസിനെ ചുമതലപ്പെടുത്തി.
3. കാരുണ്യസ്പർശം മെഡിക്കൽ ഫണ്ടിൽനിന്ന് 2017 ഡിസംബർ 31 വരെ 9,84,800 രൂപ സഹായ വിതരണം ചെയ്തു.
4. സി. സി. യൂത്ത് അംഗവും മങ്ങാട് കോൺഫ്രൻസ് പ്രസിഡണ്ടുമായ ബ്ര. കെ.ജെ. ഡാന്റസിന് സസ്യശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചതിന് സി.സി.യോഗം അദ്ദേഹത്തെ അനുമോദിച്ചു.
5. തലോർ ജെറുസലേം ധ്യാനകേന്ദ്രം 22 കിടപ്പു രോഗികൾക്ക് 2,20,000 രൂപ സഹായ വിതരണം ചെയ്തതിൽ സി. സി. യോഗം ബഹു. ഡേവിസ് പട്ടത്തച്ചന് കൃതജ്ഞത രേഖപ്പെടുത്തി.
6. പല്ലിശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന ശാന്തിഭവൻ പാലിയേറ്റീവ് സൊസൈറ്റിയിൽവെച്ച് സി. സി. അംഗങ്ങൾക്ക് 2018 ഫെബ്രുവരി 4–ാം തീയതി വിശുദ്ധബലി, രക്തപരിശോധന തുടർന്ന് സി.സി.യോഗം.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **കെ. എ. ഷിബു.** | **കെ. കെ. പോൾസൺ** |
| സി.സി.ആദ്ധ്യാത്മികോപദേഷ്ടാവ് | സി. സി. പ്രസിഡണ്ട് | സി.സി. സെക്രട്ടറി |




# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 679–ാമതും തൃശ്ശൂർ കൂരിയായുടെ730–ാമതും സമ്മേളനം 2018 ജനുവരി 7 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും, ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു.

നിയമത്തിൽ നിന്ന് ആദ്ധ്യാത്മിക നിയന്താവ് പേജ് 391 മുതൽ 392 വരെ ഭാഗം ജ്ഞാനവായന നടത്തി. കമ്മീസിയം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻ മാസറിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവ് ചെലവ് കണക്കും 57–ാംമതു വാർഷിക റീയൂണിയൻ വരവ് – ചിലവ് കണക്കും വായിച്ച് അംഗീകരിച്ചു.

വൈസ് പ്രസിഡന്റ് സി.എൽ.സി ജോണി ഹാജർ വിളിച്ചതിന് ശേഷം പ്രസിഡന്റ് എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. സൈനീക ജപശൃംഖലക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. ആരാധനക്രമമനുസരിച്ച് സഭ ദനഹാ കാലത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നന്മ ചെയ്ത് വിശ്വാസത്തിൽ പാറപോലെ ഉറച്ചുനിൽക്കാൻ മരിയ സൈനികർക്ക് കഴിയണം. പുതുവർഷത്തിന്റെ ആരംഭത്തിൽ അന്ധകാരത്തെ പ്രകാശത്തിലേക്ക് നയിക്കാൻ മരിയസൈനികർക്ക് കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

വർഷത്തിലൊരിക്കൽ പ്രതിജ്ഞ പുതുക്കുന്ന ആച്ചിയസ് ചടങ്ങ് (സൈനീക പ്രകടനം) മാർച്ച് മാസം രണ്ടാം ഞായറാഴ്ച ഏകദിന പരിപാടിയോടെ നടത്തുന്നതിനും തീരുമാനിച്ചു. ഈ വർഷം കുടുംബപ്രാർത്ഥന ചൊല്ലിയതിനുശേഷം എല്ലാ മരിയ സൈനികരുടെ ഭവനത്തിലും ലീജിയൻ പ്രാർത്ഥന ചൊല്ലുന്നതിനും തീരുമാനിച്ചു.

ലീജിയൻ പ്രചരണാർത്ഥം തയ്യാറാക്കിയ ഷീറ്റ് കലണ്ടർ എല്ലാ പ്രസീദിയം അംഗങ്ങളും സ്വഭവനങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള കലണ്ടർ

കമ്മീസിയം ഓഫീസിൽ നിന്ന് കൊണ്ട് പോകുന്നതിന് അറിയിച്ചു.

ആച്ചിയസ് ചടങ്ങിൽ 25, 50 വർഷം ലീജിയനംഗമായി പ്രവർത്തിച്ച് വരുന്ന മരിയ സൈനീകരെ ആദരിക്കുന്നതിന് തീരുമാനിച്ചു. 25 വർഷത്തിന് മുകളിൽ പ്രവർത്തനമാരംഭിച്ച പ്രസീദിയങ്ങളിലെ മരിയ സൈനീകരുടെ പേരുവിവരം ഫെബ്രുവരി മാസത്തെ കമ്മീസിയം മീറ്റിംഗിൽ കൂരിയ ഭാരവാഹികൾ അറിയിക്കണമെന്ന് തീരുമാനിച്ചു.

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശിർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ,

| | | |
|---|---|---|
| **ഫാ. ജോൺ മൂലൻ** | **കെ.പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | കമ്മീസിയം പ്രസിഡന്റ് | കമ്മീസിയം സെക്രട്ടറി |



# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

2017 ഡിസംബർ 22–ാം തിയ്യതി വൈകീട്ട് പാടുക്കാട് വിയ്യൂർ വനിതാ സെന്ററൽ ജയിൽ സന്ദർശിച്ച് തടവറയിൽ കഴിയുന്ന സഹോദരിമാരോടൊപ്പം, സി. എൻ. ജി. ഐ. യുടെ ക്രിസ്തുമസ് ആഘോഷം നടന്നു. ജയിൽ സൂപ്രണ്ട് ശ്രീമതി. ജയ ജയിൽ സന്ദർശനാനുമതിയും ഹൃദ്യമായ സ്വാഗതവും ആശംസിച്ചു. സി.എൻ.ജി.ഐ. പ്രസിഡണ്ട് റവ. സി. ദെപ്പാസി സി.എസ്.സി. എല്ലാ അന്തേവാസികൾക്കും, വന്നുചേർന്നവരെ പരിചയപ്പെടുത്തിക്കൊണ്ട് ക്രിസ്തുമസ് ആഘോഷത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. ലോകരക്ഷകനായ ഉണ്ണീശോയുടെ ജനനത്തെ കുറിച്ച് വിശദീകരിക്കുകയും ആരും ഇല്ല ആർക്കും വേണ്ട എന്ന ചിന്തകൾ വെടിഞ്ഞ് നാം എപ്പോഴും സന്തോഷത്തിൽ ജീവിക്കാൻ ഈശോ

ആഗ്രഹിക്കുന്നുവെന്നും സി.എൻ.ജി.ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് തന്റെ ക്രിസ്തുമസ് സന്ദേശത്തിൽ എടുത്തുപറഞ്ഞു. റവ.ഫാ. തോമസ് വാഴക്കാല സി.എം.ഐ., സി. കാർമ്മൽ സി.എം.സി. എന്നിവർ ക്രിസ്തുമസ് ദിനാശംസ നേർന്നു. തുടർന്ന് കേക്ക് മുറിച്ച് മധുരം നൽകി സന്തോഷം പങ്കുവെക്കുകയും ക്രിസ്തുമസ് കരോളും വിവിധ കലാപരിപാടികളും നടത്തുകയുണ്ടായി. ജയിൽ അന്തോവാസികളും ഈ പരിപാടികളിൽ പങ്കെടുത്തു. പങ്കെടുത്തവർക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചു. സി.എൻ.ജി.ഐ. ട്രഷറർ റവ. സി. മെറിൻ സി.എച്ച്.എഫ്. എല്ലാവരുടേയും സഹകരണത്തിന് നന്ദി പറഞ്ഞു. എൺപതോളം നേഴ്സുമാരും എക്സിക്യൂട്ടീവ് അംഗങ്ങളും ആഘോഷങ്ങളിൽ പങ്കെടുത്തു.

2017 ഡിസംബർ 22-ന് സി.എൻ.ജി.ഐ.യുടെ മുൻ പ്രസിഡണ്ടും, എക്സിക്യൂട്ടീവ് അംഗവുമായിരുന്ന റവ. സി. ഹേമ മേരിയുടെ പിതാവിന്റെ വേർപ്പാടിൽ സി.എൻ.ജി.ഐ. ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന F.C.C**
സെക്രട്ടറി



**തൃശ്ശൂർ അതിരൂപത**
**പബ്ലിക് റിലേഷൻസ്**
**ഡിപ്പാർട്ട്മെന്റ്**

## പാരിഷ് ബുള്ളറ്റിൻ മത്സരം - മാനദണ്ഡങ്ങൾ

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യനിർണ്ണയത്തിന് ബാധകമായിരിക്കും.

### 1. മികച്ച പാരിഷ്ബുള്ളറ്റിൻ

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീ

കരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2017 വർഷത്തെ ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

**2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്**

2.1 ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും

2.2. മികച്ച കവർ – 2017 ഡിസംബർ (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ – 2017 നവംബറിലെ എഡിറ്റോറിയൽ പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് – 2017 ജനുവരി (ഒരു കോപ്പി)

**3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ**

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിച്ച് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

**4. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി**

4.1. വികാരിയച്ചന്റെ പംക്തി – 2017 ഏപ്രിലിലെ വികാരിയച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി.

4.2. കൊച്ചച്ചന്റെ പംക്തി – 2017 ഏപ്രിലിലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

**5. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.**

6.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

മത്സരത്തിനുള്ള എല്ലാ ബുള്ളറ്റിനുകളും
2018 മാർച്ച് 15ന് മുമ്പ്
ആർച്ച്ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ബുള്ളറ്റിൻ മത്സരം
എന്ന് എഴുതിയ കവറിലാക്കി ഏല്പിക്കേണ്ടതാണ്.

സമയത്തിനുശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ
മത്സരത്തിന് പരിഗണിക്കുന്നതല്ല.

**ഫാ. ജിയോ കടവി**
പി.ആർ.ഒ.

**ഫാ. നൈസൺ ഏലന്തനാത്ത്**
അസോ. പി.ആർ.ഒ.




**കേരള ലേബർ മൂവ്മെന്റ് വാർഷിക സമ്മേളനം 2017**

കെ.എൽ.എം. വാർഷികസമ്മേളനം 2017 ഡിസംബർ 17ന് മാർ. ടോണി നീലങ്കാവിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ മുഖ്യാഥിതിയായിരുന്നു. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ, ഫാ. ജോസ് കോനിക്കര, ഫാ. റോയ്സൺ കൊള്ളന്നൂർ എന്നിവർ നേതൃത്വം വഹിച്ചു. തൃശ്ശൂർ അതിരൂപതയിൽ ഏറ്റവും മികച്ച കെ.എൽ.എം. പ്രവർത്തകനായ എളവള്ളി യൂണിറ്റംഗം എ.എ.ഔസേഫിനും, മികച്ച പ്രവർത്തകയായ പുതുക്കാട് യൂണിറ്റംഗം ലിസ്സി ബാബുവിനും, മികച്ച പ്രവർത്തകയൂണിറ്റായ പുത്തൂർ യൂണിറ്റിനും, മികച്ച പ്രവർത്തകമേഖലയായ പുത്തൂർ ഫൊറോനക്കും, ഏറ്റവും നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവെച്ച പ്രാരംഭക യൂണിറ്റായ തെക്കെ തൊറവ് യൂണിറ്റിനും, ഈ വർഷം കെ.എൽ.എം. അംഗത്വം 25 വർഷം

പൂർത്തീകരിച്ച പതിനെട്ട് അംഗങ്ങൾക്കും കെ.എൽ.എം. ന്റെ പുരസ്കാരം മാർ. ടോണി നീലങ്കാവിൽ സമർപ്പിക്കുകയും ചെയ്തു.

**മോൺ. തോമസ് തലച്ചിറ അനുസ്മരണവും കെ.എൽ.എം. വാർഷിക കർമ്മപരിപാടി പ്രകാശനവും ഉദ്ഘാടനം ചെയ്തു.**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ വച്ച് 2018 ജനുവരി 11, വ്യാഴാഴ്ച സംഘടിപ്പിച്ച മോൺ. തോമസ് തലച്ചിറ അനുസ്മരണ സമ്മേളനത്തിന്റെ ഉദ്ഘാടനവും കെ.എൽ.എം. വാർഷിക കർമ്മപരിപാടി പ്രകാശനവും അഡ്വ. കെ. രാജൻ എം.എൽ.എ. നിർവഹിച്ചു. പ്രൊഫ. കെ. എം. ഫ്രാൻസിസ് അനുസ്മരണപ്രഭാഷണം നടത്തി. മോൺ. തോമസ് തലച്ചിറയച്ചന്റെ അനാഛാദനം ചെയ്ത ഫോട്ടോയ്ക്കു മുമ്പിൽ പുഷ്പദളങ്ങൾ സമർപ്പിച്ചു.

**സാക്രിസ്റ്റ്യൻസ് ക്ഷേമനിധി ജനറൽ ബോഡിയും നവവൈദികനു സ്വീകരണവും**

സാക്രിസ്റ്റ്യൻസ് ക്ഷേമനിധിയുടെ ജനറൽ ബോഡി യോഗം തൃശ്ശൂർ കാത്തലിക് പാസ്റ്ററൽ സെന്ററിൽവച്ച് പ്രസിഡന്റ് സി. ഡി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ഫാ. ഫ്രാൻസീസ് കൂത്തൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു. കൂടാതെ, താന്ന്യം ദൈവാലയ ശുശ്രൂഷി പോൾ പുത്തൂരിന്റെ മകനും ഷേൺസ്റ്റാട്ട് സന്യാസസമൂഹത്തിൽ അംഗമായി പൗരോഹിത്യം സ്വീകരിച്ച നവവൈദികനുമായ ഫാ. സാജൻ പുത്തൂരിന് സ്വീകരണവും സംഘടിപ്പിച്ചു.

**ദൈവാലയ ശുശ്രൂഷികൾക്ക് മാസധ്യാനം സെന്റ് ആൻസ് ഇടവകദൈവാലയം, തൃശ്ശൂർ. 2018 ഫെബ്രുവരി 15, വ്യാഴം, 10.30 മുതൽ 04.00 വരെ**

തൃശ്ശൂർ സെന്റ് ആൻസ് ഇടവകദൈവാലയത്തിൽ വച്ച് 2018 ഫെബ്രുവരി 15, വ്യാഴം, രാവിലെ 10.30 മുതൽ വൈകീട്ട് 04.00 വരെ അതിരൂപതയിലെ ദൈവാലയ ശുശ്രൂഷികൾക്ക് ധ്യാനവും കുമ്പസ്സാരത്തിനുള്ള അവസരവും ഒരുക്കിയിരിക്കുന്നു. അതിരൂപതയിലെ എല്ലാ ദൈവാലയ ശുശ്രൂഷികളും പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു. ദൈവാലയങ്ങളിൽ സേവനം ചെയ്യുന്ന മറ്റു ശുശ്രൂഷകർക്കും (ക്ലർക്ക്, ഓഫീസ് സെക്രട്ടറി തുടങ്ങിയവർ) പങ്കെടുക്കാവുന്നതാണ്.

**കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം ജില്ല സമ്മേളനം, പാസ്റ്ററൽ സെന്റർ, തൃശ്ശൂർ. 2018 ഫെബ്രുവരി 18, ഞായർ, 1.30**

കെ.എൽ.എം ന്റെ പോഷകസംഘടനയായി അതിരൂപതതലത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഫോറങ്ങളിലൊന്നായ കേരള മോട്ടോർ

ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം ജില്ലസമിതിയുടെ നേതൃത്വത്തിൽ 18/02/2018 ഞായർ, 2.30 ന് തൃശ്ശൂർ ജില്ലസമ്മേളനം സംഘടിപ്പിക്കുന്നു. ആയതിലേക്ക് ഇടവക യൂണിറ്റുകളിൽ നിന്നും മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളായ 10 പേരെയും കെ.എൽ.എം. പ്രതിനിധികളെയും പങ്കെടുപ്പിക്കണം.

**നേതൃസമ്മേളനം, കാൽവരി യൂണിറ്റ്, അരണാട്ടുകര. 2018 ഫെബ്രുവരി 25, ഞായർ, 9.30 am**

2017ലെ യൂണിറ്റ് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് വിലയിരുത്തുന്നതിനും കെ.എൽ.എം. പ്രവർത്തപദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച് വിശദീകരിക്കുന്നതിനുമായി ഒരു നേതൃസമ്മേളനം നടത്തപ്പെടുന്നു. അരണാട്ടുകര ഇടവകയിൽ കാൽവരി യൂണിറ്റിൽ വച്ച് ഫെബ്രുവരി 25, ഞായറാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷനോട് കൂടി ആരംഭിക്കുന്ന സമ്മേളനത്തിൽ യൂണിറ്റുകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപത കൗൺസിലർമാർ, ഫൊറോനകളിലെ മേഖല ഭാരവാഹികൾ, തൊഴിലാളി ഫോറങ്ങളുടെ അതിരൂപതഭാരവാഹികൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

# തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള നവവൈദികർ

ആശംസകൾ......


Rev. Fr. Madambi Linto CMI
Kallur East


Rev. Fr. Kadavi Raphy CMI
Ollur


Rev. Fr. Kavil Sinto CMI
Pallikunnu


Rev. Fr. Chittilappilly Naijo
Puthenpeedika


Rev. Fr. Avittathukaran Vijo CMI
Kallur West


Rev. Fr. Nedumbakkaran Joseph
(Tinu) VC- North Nandipulam


Rev. Fr. Choondal Jerin ISch
Choondal


Rev. Fr. Porathur Sebadas CMI
Kundannur


Rev. Fr. Chirayath Antony
(Libin) VC - Nadathara


Rev. Fr. Thayyalakkal Sijo CMI
Pudukkad


Rev. Fr. Thaikkadan Cijin CMI
Wadakkanchery


Rev. Fr. Konikkara
Dhil OFM. Cap. - Thiroor


Rev. Fr. Puthur
Sajan ISch - Thannyam


Rev. Fr. Manjila Joseph
(Arun) VC - Mannuthy


Rev. Fr. Mandumpala
Martin Antony CMI - Arthat


Rev. Fr. Rathappillil Nitish
Johny CMI - Cherumkuzhy


Rev. Fr. Punnakkathadathil
Bibil - Cherumkuzhy


Rev. Fr. Chittilappilly
Danny Davis - Mundur


Rev. Fr. Poruthoor
Danu CMI - Eranellur

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 25.01.2018
February- 2018




## തൃശ്ശൂർ അതിരൂപതയിലെ
## നവവൈദികർ

ആശംസകളോടെ

**അതിരൂപത കുടുംബം**



Rev. Fr. Ponthekan
Jomon, Pallikkunnu



Rev. Fr. Chittilappilly Shelton
Pudukkad North



Rev. Fr.Thekkath
Franso, Elthuruth



Rev. Fr. Pulikodan Renald
Ollur Marymatha



Rev. Fr. Pulikkan Siju
Aranattukara



Rev. Fr. Vazhappilly
Vinoy, Vellarakkad

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005